മെയ് 2022

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ





ആരെയും
ആകർഷിക്കുന്ന
3 ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
ഞൊടി ഇടയിൽ പണം
നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O.Thrissur 680012
Ph :2360846,2360202,2365890
Customer Care : 8547667788,8547778899

# മരിയനാദം

**സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്**
**അയ്യന്തോൾ, തൃശ്ശൂർ - 680003**
**ഫോൺ: 0487 - 2360259**
Email:mariyanadham.info@gmail.com
www.ayyantholechurch.com

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

**പുസ്തകം 28**
**മെയ്**
**ലക്കം 4**


## ഈ ലക്കത്തിൽ


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 05 |
| കുടുംബക്കൂട്ടായ്മ കേന്ദ്രസമിതി വാർത്തകൾ | 06 |
| മതബോധനവാർത്തകൾ | 07 |
| സെന്റ് തോമാസ് യൂണിറ്റ് വാർത്തകൾ | 08 |
| സെന്റ് മേരീസ് യൂണിറ്റ് വാർത്തകൾ | 09 |
| വിൻസെന്റ് ഡി പോൾ വാർത്തകൾ | 10 |
| ആർത്തുങ്കൽ പള്ളിയിലേക്ക് തീർത്ഥ യാത്ര | 11 |
| നിങ്ങൾക്കറിയാമോ? | 12 |
| ഓർമ്മിക്കുക ആചരിക്കുക | 13 |
| വി. റീത്ത - അസാധ്യകാര്യങ്ങളുടെ മധ്യസ്ഥ | 14 |
| പ്രണാമം - ഫാ. സ്റ്റാൻ സ്വാമി | 15 |
| മൽപ്പിടുത്തക്കാരൻ | 16 |
| സ്നേഹത്തിന്റെ സൗരഭ്യം | 18 |
| മത്തങ്ങാക്കുരു ഉണക്കിപ്പൊടിച്ച് കഴിയ്ക്കാം, കാരണം | 19 |
| വി. റീത്ത - അസാധ്യകാര്യങ്ങളുടെ മധ്യസ്ഥ | 21 |
| നല്ല മാതാവേ മരിയേ | 22 |
| മരിയൻ ഭക്തിയും യുവതലമുറയും | 23 |
| പിയാത്ത | 26 |
| 2022 ജനുവരി തിരുനാൾ വരവ്- ചെലവ് കണക്ക് | 28 |
| ഞങ്ങൾ വരവായി | 28 |
| ഞങ്ങൾ ഒന്നായി | 29 |
| ഇടവകയിൽ നിന്നും മാറിപോയവർ | 29 |
| ഇടവകയിലേക്ക് വന്നവർ | 29 |
| BIBLE QUIZ | 30 |
| ചായകൂട്ട് മത്സരം | 32 |


## പത്രാധിപസമിതി


ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **കെ.എ. മാത്യു** +91 9388842296

അഡീഷണൽ മാനേജിംഗ് എഡിറ്റർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

അസോസിയേറ്റഡ് എഡിറ്റേഴ്സ്
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 8606006298
ശ്രീ. **സെജിൻ സെബി** +91 9446023663
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. **പ്രിൻസൺ ചേറ്റുപുഴക്കാരൻ** +91 9048255098
(നടത്തുകൈക്കാരൻ)


## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 8.00 a.m**

നടത്തുകൈക്കാരൻ
ശ്രീ. **പ്രിൻസൺ ചേറ്റുപുഴക്കാരൻ**
+91 9048255098

## പള്ളി ഓഫീസ് സമയം

സാധാരണ ദിവസങ്ങളിൽ 7.00 a.m. - 8.00 a.m.
6.00 p.m. - 8.30 p.m.
ഞായർ 10.30 a.m. - 12.30 p.m.

**തിങ്കൾ അവധി**

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ

## തൊഴിലാളിദിന ചിന്തകൾ

അധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ - വി. പൗലോസ് ശ്ലീഹായിലൂടെ വെളിവാക്കപ്പെട്ട വാക്കുകൾ. ഇത് അധ്വാനംവഴി ഉപജീവനമാർഗം കണ്ടെത്താൻ എല്ലാവർക്കും കടമയുണ്ട് എന്ന യാഥാർത്ഥ്യത്തിലേക്ക് വിരൽചൂണ്ടുന്നു. സാമൂഹ്യനീതിയുടെ ഭാഗമാണ്, അതിന് അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്നത്. നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കാനുള്ള നിഷ്ക്കർഷയാണ് പറുദീസയുടെ പുറത്തുവച്ച് ദൈവം മനുഷ്യർക്ക് നൽകിയ ആദ്യകല്പനയും. "നിങ്ങൾ സ്നേഹിക്കുന്ന ഒരു തൊഴിലിൽ ഏർപ്പെടുക; പിന്നീട് ഒരിക്കലും നിങ്ങൾ ഒരു തൊഴിലാളിയായി മാറുന്നില്ല" - കൺഫൂഷ്യസിന്റെ ചിന്താധാര.

1856ൽ ഓസ്ട്രേലിയായിൽ എട്ട് മണിക്കൂർ തൊഴിൽസമയം അംഗീകരിച്ചു. ഇതിന്റെ സ്മരണയിലാണ് തൊഴിലാളിദിനം ജന്മമെടുത്തത്. ഇതിനോടനുബന്ധിച്ച് മറ്റൊരു സംഭവം ചിക്കാഗോയിൽ തൊഴിലാളികളുടെ ഒരു യോഗത്തിലേക്ക് പോലീസ് നടത്തിയ വെടിവയ്പും ബോംബേറുമാണ്.

ബൈബിളിൽ നാം കാണുന്നത് മൂന്ന് വയറുകളെ പോറ്റാൻ വി.യൗസേപ്പ് അധ്വാനിച്ചപ്പോൾ തച്ചനെന്നും, മരപ്പണിക്കാരനെന്നും പേരിനർഹനായി. ആ നീതിമാൻ ഏതു തൊഴിലും മഹത്വമുള്ളതാണെന്ന് തെളിയിച്ചു. ആ നീതിമാനെന്ന പേരിൽ നമ്മുടെ തൊഴിലാളികളും അറിയപ്പെട്ടാലോ?

മേയ്മാസറാണിയോടും വി.യൗസേപ്പിതാവിനോടും ഉള്ള വണക്കത്തോടൊപ്പം ജോലിതേടുന്ന എല്ലാവരേയും, യാതനയനുഭവിക്കുന്ന യുക്രൈൻ ജനതയേയും നമുക്ക് ചേർത്തുവയ്ക്കാം.

**പത്രാധിപസമിതി**

# ഇടയശബ്ദം



ഒരിക്കൽ ഒരാൾ ഈശ്വരദർശനം കാംക്ഷിച്ച് അന്വേഷണം തുടങ്ങി. എങ്ങനെയാണീശ്വരന്റെ വീട്ടിലെത്താനാകുക? ഏതാണ് ഈശ്വരനിലേക്കുള്ള വഴി? വിദഗ്ധരായ പലരോടും വഴിതിരക്കി. പലരും പലവഴികൾ പറഞ്ഞുകൊടുത്തു. എന്നാൽ അയാൾക്ക് ഈശ്വരസന്നിധിയിലെത്താനായില്ല. അവസാനം ഉൾപ്രേരണയനുസരിച്ച് യാത്രയുടെ ഗതി തിരിച്ചുവിട്ടപ്പോൾ കഥയാകെ മാറി. ഈശ്വരഗൃഹത്തിലെത്തി. അയാൾ ഗേറ്റ് തുറന്ന് അകത്ത് കടന്നു. അധികം ആളുകൾ വന്നുപോകുന്നതിന്റെ ലക്ഷണമൊന്നുമില്ല. മുറ്റം കടന്ന് പ്രധാന വാതിലിന്റെ മുന്നിലെത്തി. അപ്പോഴാണ് എഴുതി തൂക്കിയിരിക്കുന്ന ഒരു ബോർഡ് അയാളുടെ ശ്രദ്ധയിൽ പെട്ടത്. ‘Out of Station’. ദൈവം സ്ഥലത്തില്ലാന്ന്, തമ്പുരാൻ ടൂറിലാണ്!!! അയാൾക്കാകെ വിഷമമായി. വളരെ കഷ്ടപ്പെട്ടാണ് ശരി വഴി കണ്ടെത്തിയത്. കയറി ഇറങ്ങാത്ത ദേവാലയങ്ങളില്ല. ധ്യാനകേന്ദ്രങ്ങളില്ല, തീർത്ഥാടനകേന്ദ്രങ്ങളില്ല. അവസാനം എത്തിപ്പെട്ടപ്പോഴോ തമ്പുരാൻ സ്ഥലത്തില്ലത്രേ! വിഷണ്ണനായി അയാൾ തിരികെ നടക്കാൻ തുടങ്ങി, സ്വന്തം ഭവനത്തിലേക്ക്; ദൈവംപോലും വീട്ടിലിരിക്കാത്ത കലികാലത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട്.

സ്വന്തം വീട്ടിലെത്തി മുറ്റവും കടന്ന് നടമുറി തള്ളി തുറന്നപ്പോൾ അതാ അതിന്റെ നടുവിലിരിക്കുന്നു ഈശ്വരൻ. ഇങ്ങേര് ഇവിടെയിരിക്കുകയായിരുന്നോ? ഞാനെവിടെയെല്ലാം അന്വേഷിച്ചുവെന്നോ? ഈശ്വരൻ ഒന്നും പുഞ്ചിരിയല്ലാതെ ഒന്നും പറഞ്ഞില്ല. അല്ലാ എപ്പോഴാ ഇവിടെ കടന്നു കൂടിയത്?. അയാൾ ചോദിച്ചു.

ഈശ്വരൻ പറഞ്ഞു മകനേ നീ എന്നെ അന്വേഷിച്ചു ഇറങ്ങുന്നതിന് വളരെ മുമ്പുതന്നെ ഞാൻ നിന്നെ അന്വേഷിച്ചിറങ്ങി, നിന്റെ ഹൃദയത്തിൽ വന്ന് വസിക്കുകയായിരുന്നു. നീ എല്ലായിടത്തും എന്നെ അന്വേഷിച്ചു. പക്ഷേ ഇവിടെ, നിന്റെ ഉള്ളിൽ, നിന്റെ കുടുംബത്തിൽ, ഇടവകയിൽ, കുടുംബയൂണിറ്റിൽ, സമൂഹത്തിൽ എന്നെ അന്വേഷിക്കാൻ നീ മറന്നു.

സുഭാഷിതൻ പറയുന്നു: "നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക, നിന്റെ പദ്ധതികൾ ഫലമണിയും (16:3). യാക്കോബ് ശ്ലീഹാ എഴുതുന്നു. "ദൈവത്തോട് ചേർന്ന് നിൽക്കുവിൻ അവിടുന്ന് നിങ്ങളോടും ചേർന്ന് നിൽക്കും. പാപികളേ നിങ്ങൾ കരങ്ങൾ ശുചിയാക്കുവിൻ. സന്ദിഗ്ധ മനസ്കരേ, നിങ്ങളുടെ ഹൃദയങ്ങൾ ശുചിയാക്കുവിൻ (4:8). ദൈവവിചാരത്തോടെയുള്ള ജീവിതമാണ് മനുഷ്യന് രക്ഷാകരമാകുന്നത്. നിരന്തരമായ ദൈവവിചാരം രക്ഷാകരമാണ്, അമൂല്യമാണ്, കൃപാസമൃദ്ധിയിലേക്കത് വഴിതെളിയിക്കും.

"നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ. അവിടുന്ന് നിനക്ക് വഴിതെളിച്ചുതരും" (സുഭാ. 3:6). കുടുംബ ജീവിതത്തിന്റെ പ്രത്യേക മധ്യസ്ഥനായ മറിയം ത്രേസ്യായുടെ വാക്കുകൾ ഇപ്രകാരമാണ്. "നിങ്ങളുടെ എല്ലാ പ്രവൃത്തികളും ദൈവം കാണുന്നുണ്ടെന്ന് പ്രത്യേകം ഓർക്കണം. ദൈവം എല്ലാം കാണുന്നു എന്ന ചിന്ത എല്ലാ കാര്യങ്ങളും മനസാക്ഷി അനുസരിച്ച് ചെയ്യുവാൻ സഹായകമാണ്. ദൈവത്തിന് പ്രീതികരമായ ഒരു ജീവിതം നയിക്കാൻ ഈ അവബോധം ഉപകരിക്കും".

ഒത്തിരി സ്നേഹത്തോടെ,
**ജെയ്സനച്ചൻ**

# 20.03.2022 ലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. 2022 ജനുവരി തിരുന്നാൾ കണക്ക് അവതരിപ്പിച്ച് പാസാക്കി.
2. 2022 ഫെബ്രുവരി മാസത്തെ കണക്കും ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസാക്കി.
3. 2022 ജനുവരി തിരുന്നാളിന്റെ ബാലൻസ് സംഖ്യയിൽനിന്ന് 25,000/- (ഇരുപത്തി അയ്യായിരം) രൂപ തിരുന്നാൾ കമ്മിറ്റിക്ക് വിനോദാവശ്യങ്ങൾക്ക് നൽകാനും ബാക്കിയുള്ള സംഖ്യ പള്ളിയുടെ കൺസ്ട്രക്ഷൻ അക്കൗണ്ടിലേക്ക് മാറ്റുവാനും തീരുമാനിച്ചു.
4. കുടുംബകൂട്ടായ്മ കേന്ദ്രകമ്മിറ്റിയുടെ അപേക്ഷപ്രകാരം Poor of General Fund കളിലേക്കുള്ള ധനശേഖരണാർത്ഥം ഫുഡ് ഫെസ്റ്റ് നടത്തുവാനും ഇടവക അംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മ വളർത്തുന്നതിന് കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ Sports up Games മത്സരങ്ങൾ നടത്തുന്നതിനും തീരുമാനിച്ചു.
5. പള്ളിയുടെ ഓഫീസ് കോംപ്ലക്സിന് മുൻവശത്ത് മീഡിയ റൂമിന്റെ ഇടതുഭാഗത്തായി ചെറിയ കുട്ടികൾക്ക് ചിൽഡ്രൻസ് പ്ലേ ഏരിയ സെറ്റ് ചെയ്യുന്നതിന് തീരുമാനമെടുത്തു.
6. വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ സെന്റ് ജോസഫ്സ് ഹാളിൽ LED Wall വച്ച് കാണിക്കുന്നതിന് തീരുമാനമെടുത്തു.
7. ഈസ്റ്ററിന്റെ അന്ന് പാതിരാകുർബ്ബാനയ്ക്ക് ശേഷം നോമ്പ് വീടുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കാൻ തീരുമാനിച്ചു.
8. പള്ളിയിലെ സ്റ്റോക്ക് രജിസ്റ്റർ പുതുക്കി Maintain ചെയ്യുന്നതിനും Inventory (വസ്തുക്കളുടെ) സൂക്ഷിക്കുന്നതിനും തീരുമാനിച്ചു.

പ്രതിനിധിയോഗം സെക്രട്ടറി
**അഡ്വ. ബിനീത ജോയ്**

# കുടുംബകൂട്ടായ്മ കേന്ദ്രസമിതി വാർത്തകൾ

നമ്മുടെ ഇടവകയിൽ ആദ്യമായിട്ടാണ് കേന്ദ്രസമിതിയുടെ ധനശേഖരണാർത്ഥം ഒരു ഫുഡ് ഫെസ്റ്റ് നടത്തിയത്. പൂർണ്ണമായി വിജയിച്ചെന്ന് പറയുന്നില്ല. എങ്കിലും ഇടവകജനങ്ങളുടെ സഹകരണവും സേവനവും എടുത്തുപറയേണ്ടതാണ്. കൂടാതെ ഫുഡ് കമ്മിറ്റി അംഗങ്ങളായ സെബാസ്റ്റ്യൻ ഒഴുകയിൽ, സ്റ്റീഫൻ മാപ്രാണം, പ്രിൻസ് വിൻസെന്റ്, മേരി രാജു, ബീന വിൻസെന്റ് എന്നിവരും കൈക്കാരന്മാർ, കേന്ദ്രസമിതി ഭാരവാഹികൾ, യൂണിറ്റു പ്രസിഡന്റുമാർ, എല്ലാറ്റിനും നമുക്ക് പ്രചോദനമേകുന്ന സ്നേഹസമ്പന്നനായ നമ്മുടെ വികാരിയച്ചന്റെയും അകമഴിഞ്ഞ സഹായസഹകരണവും ഉണ്ടായിരുന്നു. ഫുഡ് ഫെസ്റ്റിന് മാറ്റുകൂട്ടുവാൻ യൂണിറ്റിലെ അംഗങ്ങളുടെ നൃത്ത സംഗീത കലാവിരുന്നും ആസ്വാദ്യകരമായിരുന്നു. ഫെസ്റ്റ് വിജയിപ്പിക്കുവാൻ സഹകരിച്ച ഏവർക്കും പ്രത്യേകം നന്ദി പറയുന്നു.

പ്രിയ യൂണിറ്റ് ഭാരവാഹികളെ, കുടുംബ കൂട്ടായമ യൂണിറ്റ് തല തിരഞ്ഞെടുപ്പ് ജൂൺ ജൂലായ് മാസങ്ങളിൽ ആണ് നടത്തേണ്ടത്. ഓരോ ഇടവകയുടേയും സൗകര്യം നോക്കി ജൂണിലോ, ജൂലായ് മാസത്തിലോ നടത്താവുന്നതാണ്. എല്ലാവരുടേയും സഹകരണത്തിന് നന്ദി.

**അതിരൂപത ഭവന നിർമ്മാണ സഹായ ഫണ്ടിലേക്ക്**
**യൂണിറ്റ് ഭാരവാഹികളുടെ സംഭാവന**

| യൂണിറ്റ് | കവർ | തുക |
|---|---|---|
| സെന്റ് ജോസഫ് | 6 | 4800 |
| സെന്റ് ആന്റണീസ് | 7 | 13750 |
| ലിറ്റിൽ ഫ്ളവർ | - | - |
| സെന്റ് മേരീസ് | 7 | 5000 |
| സെന്റ് അൽഫോൻസ | 6 | 2400 |
| ഹോളിഫാമിലി | - | - |

| | | |
|---|---|---|
| ഹോളി ട്രിനിറ്റി | 4 | 750 |
| ക്രിസ്തുരാജ | 7 | 2900 |
| സെന്റ് തോമസ് | 7 | 800 |
| സെന്റ് സേവ്യേഴ്സ് | 7 | 5400 |
| സെന്റ് പോൾസ് | 7 | 1900 |
| സെന്റ് പീറ്റേഴ്സ് | 5 | 1200 |
| സെന്റ് ജോൺസ് | 7 | 1950 |
| മഡോണ | 6 | 600 |
| സെന്റ് സെബാസ്റ്റ്യൻ | 7 | 1500 |
| Total | | 42950 |

കേന്ദ്ര സമിതി കൺവീനർ
**അഡ്വ. നെറ്റോ നെല്ലിശ്ശേരി**

## മതബോധനവാർത്തകൾ

സ്നേഹമുള്ള അധ്യാപകരേ, വിദ്യാർത്ഥികളേ, മാതാപിതാക്കളേ,

2022-2023 മതബോധന അധ്യയനവർഷത്തിലെ ടെക്സ്റ്റ് ബുക്കിന്റെ വിലകൾ പള്ളിയുടെ മുൻവശത്തുള്ള നോട്ടീസ് ബോർഡിൽ കൊടുത്തിട്ടുണ്ട്. ടെക്സ്റ്റ് ബുക്കുകൾ ആവശ്യമുള്ള വിദ്യാർത്ഥികൾ അവരുടെ പേരും ബുക്കിന്റെ വിലയും മെയ് 8, 15 എന്നീ ഞായറാഴ്ചകളിൽ രണ്ടാമത്തെ കുർബ്ബാനയ്ക്ക് ശേഷം ചെറിയ പാരിഷ് ഹാളിൽവച്ച് (സെന്റ് മേരീസ് ഹാൾ) ടീച്ചേഴ്സിന്റെ കൈവശം കൊടുക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ ടെക്സ്റ്റ് പുസ്തകത്തിന്റെ ഓർഡർ തരാത്തവർക്ക് പിന്നീട് ഓഫീസിൽനിന്ന് പുസ്തകങ്ങൾ ലഭിക്കുന്നതല്ല.

2022-2023 പുതു അധ്യയനവർഷത്തിൽ Nursery, Std. 1 എന്നീ ക്ലാസ്സുകളിൽ കുട്ടികളെ ചേർക്കുന്നതിന് മാതാപിതാക്കൾ കുടും

ബഡയറിയും ടെക്സ്റ്റ് ബുക്കിന്റെ വിലയും കൊണ്ട് മെയ് 8, 15 എന്നീ ഞായറാഴ്ചകളിൽ രണ്ടാമത്തെ കുർബ്ബാനയ്ക്ക് ശേഷം കാലത്ത് 9.15 ന് സെന്റ് മേരീസ് ഹാളിൽ വരേണ്ടതാണ്.

ഈ ഇടവകയിൽനിന്ന് ടി.സി വേണ്ട വിദ്യാർത്ഥികൾ അതിനുള്ള അപേക്ഷകൾ മെയ് 15-ാം തിയ്യതിക്കുള്ളിൽ അവരവരുടെ അധ്യാപകർ മുഖാന്തിരം മതബോധന ഓഫീസിൽ നൽകേണ്ടതാണ്.

ഏപ്രിൽ 28, 29, 30 എന്നീ തിയ്യതികളിൽ മേരിമാതാ സെമിനാരിയിലെ ശെമ്മാശൻമാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ദൈവദർശൻ 2022 ക്യാമ്പിൽ സഹകരിച്ച ബഹുമാനപ്പെട്ട ജെയ്സനച്ചനും സിസ്റ്റേഴ്സിനും അധ്യാപകർക്കും പി.ടി.എ അംഗങ്ങൾക്കും കൈക്കാരന്മാർക്കും മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേകം നന്ദിയുടെ പൂച്ചെണ്ടുകൾ സ്നേഹപൂർവ്വം നേരുന്നു.

**ഡോ. ജോയ് കരേരക്കാട്ടിൽ**
പ്രിൻസിപ്പാൾ

## സെന്റ് തോമാസ് യൂണിറ്റ് വാർത്തകൾ

03.04.2022 ഞായറാഴ്ച 5 pm ന് സെന്റ് തോമസ് കുടുംബ സമ്മേളനം പള്ളിയിൽ വച്ച് ബഹുമാനപ്പെട്ട വികാരി ജെയ്സനച്ചന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ആനിമേറ്റേഴ്സ് ആയ റവ. സി. ഗ്രെയ്സ് ചാക്കോയും റവ. സി. റോഷ്നി ജോസഫും ബൈബിൾ വായിച്ച് വിവരിച്ചു തന്നു. പ്രാർത്ഥനകൾ ചൊല്ലിയ ശേഷം റിപ്പോർട്ട് വായിച്ചു. കണക്കുകൾ വായിച്ചു പാസാക്കി. ചർച്ച ചെയ്ത വിഷയങ്ങൾ:

യൂണിറ്റിൽ നിന്നും മരിച്ചു പോയവർക്കായി ഒരു കുർബ്ബാനയും ഒപ്പിസും ചൊല്ലുവാനും നോമ്പിലെ കരുണദിനാചരണത്തിന്റെ ഭാഗമായി കാരമുക്കിലെ Philip Neri യുടെ നാമധേയത്തിലുള്ള Old Age Home സന്ദർശിക്കാനും തീരുമാനിച്ചു.

ഈസ്റ്ററിനോടനുബന്ധിച്ചുള്ള എല്ലാ പരിപാടികളിലും യൂണിറ്റിന്റെ ഭാഗഭാഗിത്വം ഉറപ്പാക്കി. പള്ളിയിൽ നടത്താൻ പോകുന്ന കലാകായിക മത്സരങ്ങളുടെ കമ്മിറ്റിയിലേക്ക് ജെയ്ൻ വർഗീസി

# 59-ാം ചരമദിനം

02.05.2022



കുരുതുകുളങ്ങര കൊച്ചപ്പൻ ഭാര്യ

# സെലീന

ജനനം
07.03.1937

മരണം
06.03.2022

# സ്വർഗ്ഗത്തിൽ ഒന്നാം പിറന്നാൾ

## 28.04.2022



തെക്കേക്കര തരകൻ

# പൗലോസ്

ജനനം
30.07.1938

മരണം
28.04.2021

പ്രാർത്ഥനയോടെ
**കുടുംബാംഗങ്ങൾ**

# 7-ാം ചരമവാർഷികം





## പനക്കൽ പൈലുണ്ണി മകൻ

# ചുമ്മാർ

ജനനം : 16.05.1928

മരണം : 18.05.2015



പ്രാർത്ഥനാപൂർവ്വം :

**റവ. സി. റോസി പനക്കൽ A C**

**പോൾ പനക്കൽ & ഫാമിലി**

## പാവനസ്മരണയ്ക്ക്



# K. A. തോമസ് (96)

## കുറുപ്പശ്ശേരി

ജനനം : 10.10.1926 മരണം : 17.02.2022

**NRA 95, Whitefield, പുതൂർക്കര**

(മഡോണ കുടുംബകൂട്ടായ്മ)

നെ തിരഞ്ഞെടുത്തു. 16 കുടുംബങ്ങൾ പങ്കെടുത്തു. ലക്കി ഡ്രോയിൽ താണിക്കൽ ജോസിന് നറുക്കു വീണു. നന്ദി പറഞ്ഞ് 6 pm ഓടെ യോഗം പിരിഞ്ഞു.

യൂണിറ്റ് മീറ്റിങ്ങിലെടുത്ത തീരുമാനപ്രകാരം 16.04.22 രാവിലെ 10 മണിക്ക് യൂണിറ്റിലെ 12 അംഗങ്ങൾ കാരമുക്കിലെ കൃപാസദനത്തിലേക്ക് പോയി. ഡയറക്ടർ റവ. സി. അലീന ഞങ്ങളെ സ്വീകരിച്ചു. 12 അന്തേവാസികളുമായി കുശലാന്വേഷണം നടത്തി. കൂടുതൽ സൗകര്യത്തിനായി അവിടെ കെട്ടിടംപണി ചെയ്തുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ സ്വരൂപിച്ച തുക സിസ്റ്ററിന് കൈമാറി. അവിടെ ആറ് സിസ്റ്റേഴ്സാണ് ഉള്ളത്. അവരെ പരിചരിക്കുന്നതിൽ അവർ അതീവ ശ്രദ്ധാലുക്കളാണ്. 11 മണിയോടെ ഞങ്ങൾ അവിടെനിന്നും യാത്ര പറഞ്ഞിറങ്ങി.

സെക്രട്ടറി
**ഗ്രെയ്സി ജോണി**

# സെന്റ് മേരീസ് യൂണിറ്റ് വാർത്തകൾ

സെന്റ് മേരീസ് കുടുംബകൂട്ടായ്മയുടെ ഒരു സാധാരണ യോഗം 03.04.2022 ൽ സെന്റ് മേരീസ് പാരിഷ് ഹാളിൽവച്ച് കൂടുകയുണ്ടായി. അതിൽ ഡയറക്ടർ ബഹു. വികാരി ഫാ. ജെയ്സൻ പുന്നശ്ശേരി അച്ചൻ അദ്ധ്യക്ഷത വഹിച്ചു. പ്രമോട്ടർമാരായ സിസ്റ്റേഴ്സ് യോഗത്തിൽ സന്നിഹിതരായിരുന്നു.

യൂണിറ്റിലെ സുമനസ്സുകളുടെ സഹകരണത്താൽ കോവിഡ് 19 മഹാമാരിയുടെ കാലഘട്ടത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾക്കും രോഗാവസ്ഥയിലുള്ളവർക്കും 40,000 രൂപയോളം ധനസഹായം നൽകുകയുണ്ടായി. കോവിഡ് നിയന്ത്രണങ്ങളാൽ വീടുകളിൽ ഒറ്റപ്പെട്ടുപോയ മനസ്സുകൾക്ക് ഉന്മേഷവും സാന്ത്വനവും പകർന്നുകൊണ്ട് ക്രിസ്മസ്കാലത്ത് Virtual christms celebrations നടത്തുകയുണ്ടായി. അതിൽ കഥകളും കവിതകളും പാട്ടും നൃത്തനൃത്യങ്ങളുമായി കുഞ്ഞുങ്ങൾ മുതൽ വീട്ടമ്മമാർ വരെ പ്രായഭേദമന്യേ പങ്കെടുത്ത് ക്രിസ്മസ് കാലം സന്തോഷത്തിന്റേയും ഒരുമയുടേയും ഒത്തുചേരലായി മാറി. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്യുകയുണ്ടായി.

കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നടത്തിയ ക്രിസ്മസ് ക്രിബ്, സ്റ്റാർ മത്സരങ്ങളിൽ പങ്കെടുത്ത Start Decoration ഒന്നാം സ്ഥാനം കരസ്ഥമാക്കി. രൂപതാതലത്തിൽ നടത്തിയ ലോഗോസ് മത്സരങ്ങളിൽ നമ്മുടെ യൂണിറ്റിലെ 2 അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. വി. സെബസ്റ്റ്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ചുള്ള അമ്പ് എഴുന്നള്ളിപ്പ് എല്ലാ വീടുകളിലും ഭക്തിപൂർവ്വം സ്വീകരിക്കുകയും പ്രാർത്ഥനകൾ നടത്തുകയും ഉണ്ടായി. വൈകീട്ട് 8 മണിയോടെ ജപമാല പ്രദക്ഷിണത്തോടെ പള്ളിയിൽ സമാപിച്ചു.

യൂണിറ്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഒരുമയോടെ സഹകരണവും പ്രോത്സാഹനവും നൽകുന്ന എല്ലാ യൂണിറ്റ് അംഗങ്ങളെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

സെക്രട്ടറി
**ബീന വിൻസെന്റ്**

## വിൻസെന്റ് ഡി പോൾ വാർത്തകൾ

10.04.2022 ഓശാന ദിവസം വയോജന ദിനമായി ആചരിച്ചു. അന്നെ ദിവസം ഇടവകയിലെ 70 വയസ്സിനു മുകളിൽ പ്രായമുള്ളവരെ കൊണ്ടുവരികയും കുമ്പസാരത്തിനു ശേഷം ബഹു. വിൽസൺ അച്ചന്റെ കാർമ്മികത്വത്തിൽ അർപ്പിച്ച വി.കുർബ്ബാനയിൽ എല്ലാവരും സജീവമായി പങ്കെടുക്കുകയും ചെയ്തു. ഏകദേശം 50 പേരോളം ഉണ്ടായിരുന്നു.

വി. കുർബ്ബാനയിൽ പങ്കെടുക്കാൻ കഴിഞ്ഞത് വലിയൊരു അനുഗ്രഹമായി എന്നു പങ്കെടുത്തവരിൽ ഏറെ പേരും അഭിപ്രായപ്പെട്ടു.

വി.കുർബ്ബാനക്കു ശേഷം മെമ്പർമാർ എടുത്ത സംഭാവന കൊണ്ട് തയ്യാറാക്കിയ ഭക്ഷണത്തിനുശേഷം എല്ലാവരെയും സ്വന്തം ഭവനങ്ങളിൽ എത്തിക്കുകയും ചെയ്തു.

നമ്മുടെ വികാരിയച്ചനും വിൽസൺ അച്ചനും മുഴുവൻ സമയവും കൂടെയുണ്ടായിരുന്നത് എല്ലാവർക്കും സന്തോഷപ്രദമായി.

സഹകരിച്ച എല്ലാ മെമ്പർമാർക്കും നന്ദി പറഞ്ഞുകൊണ്ട് നിറുത്തട്ടെ.

പ്രസിഡണ്ട്
**ജേക്കബ് തോലത്ത്**
**ജോർലിൻ ജോഷി**

# ആർത്തുങ്കൽ പള്ളിയിലേക്ക് തീർത്ഥ യാത്ര



കത്തോലിക്ക കോൺഗ്രസിന്റ നേതൃത്വത്തിൽ 14 പള്ളികളിലേക്ക് നടത്തിയ നോമ്പുകാല തീർത്ഥ യാത്രയിൽ പങ്കെടുത്തവർ.

അയ്യന്തോൾ ഇടവക കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ 14 പള്ളികളിലേക്ക് 27.3.22 ഞായറാഴ്ച്ച ഭക്തി നിർഭരമായ നോമ്പുകാല തീർത്ഥയാത്ര നടത്തി.

ആലപ്പുഴയിലെ ആർത്തുങ്കൽ പള്ളി വരെ പോയ യാത്രയിൽ കൊടകര സെന്റ് ജോസഫ് പള്ളി, ചാലക്കുടി സെന്റ് മേരിസ് പള്ളി, കൊരട്ടി ലത്തീൻ പള്ളി, കൊരട്ടി മുത്തിയുടെ പള്ളി, അങ്കമാലി സെന്റ് ജോർജ്ജ് ബസ്ലിക്ക, വല്ലാർപാടം ബസ്‌ലിക്ക, എറണാകുളം സെന്റ് മേരിസ് കാത്തീഡ്രൽ ബസ്‌ലിക്ക, എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സിസി കത്തീഡ്രൽ, ഇൻഫെന്റ് ജീസസ് ചർച്ച് ഹൈകോർട്ട്, ഏലംകുളം ലിറ്റിൽ ഫ്ളവർ ചർച്ച്, കൃപാസനം മരിയൻ തീർത്ഥാടന കേന്ദ്രം, തങ്കി സെന്റ് മേരിസ് പള്ളി, സെന്റ് ജോർജ് ഫോറോനാ പള്ളി ഇടപ്പള്ളി തുടങ്ങി 14 പള്ളികൾ സന്ദർശിച്ചു പ്രാർത്ഥന നടത്തി.

ടോണി തരകൻ, സജീഷ് പനക്കൽ, ജോഫിൻ കൊളങ്ങര, ജോൺസൺ കാഞ്ഞിരത്തിങ്കൽ, വിൽസൺ കെ.ആർ, ജെൽഫൻ വടക്കൻ, സെബാസ്റ്റ്യൻ എലുവത്തിങ്കൽ, ജോസഫ് കോടങ്കണ്ടത്ത്, സാബു തരകൻ എന്നിവർ നേതൃത്വം നൽകി. 49 പേർ തീർത്ഥ യാത്രയിൽ പങ്കെടുത്തു. തീർത്ഥ യാത്രയോട് സഹകരിച്ച ഏവർക്കും, പ്രത്യേകിച്ച് വികാരി ജെയ്സൺ പുന്നശ്ശേരി അച്ചനോടും നന്ദി രേഖപെടുത്തുന്നു.

**ജെയിംസ് മുട്ടിക്കൽ,**
പ്രസിഡന്റ് 9447614630

# നിങ്ങൾക്കറിയാമോ?

1. സൂര്യകീർത്തനത്തിന്റെ കർത്താവ് ആര്?

   വി. ഫ്രാൻസിസ് അസ്സീസി

2. കൊറോണ എന്ന വാക്കിനർത്ഥം എന്ത്?

   കിരീടം

3. നെൽസൻ മണ്ടേലയ്ക്ക് സമാധാനത്തിനുള്ള നോബൽ സമ്മാനം കിട്ടിയം വർഷം? 1993

4. City of God ന്റെ കർത്താവ് ആര്?

   വി. അഗസ്റ്റിൻ

5. കൂട്ടായ്മയുടെ ശില്പി?

   ആദ്യശ്വാസമായ 'റൂഹാ'

6. വി. കൊറോണയുടെ തിരുനാൾ - മെയ് 14

7. ക്യാരിസ് എന്നാൽ എന്നാണ്?

   സഭയുടെ ആഗോള കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ഏകോപിതരൂപം.

8. വി. അഗസ്റ്റിന് ജ്ഞാനസ്നാനം നൽകിയത്?

   വി. അംബ്രോസ്

9. ആഗോളതാപനം എന്നാൽ എന്ത്?

   കാർബണിന്റെ അളവ് കൂടുന്നതുമൂലം അന്തരീക്ഷതാപനില കൂടുന്നതിന്റെ പേര്.

10. വി. ഫ്രാൻസിസ് അസ്സീസി ജനിച്ചത്?

    1182 സെപ്റ്റംബർ 24 ന്

"എനിക്ക് ഒത്തിരി പ്രശ്നങ്ങളുണ്ട്
എന്ന് കർത്താവിനോടല്ല,
എനിക്ക് ഒരു കർത്താവ് ഉണ്ട് എന്നു
പ്രശ്നങ്ങളോടു പറയുക"



# ഓർമ്മിക്കുക ആചരിക്കുക

| | | |
|---|---|---|
| 01.05.2022 | ഞായർ | തൊഴിലാളിയായ വി. യൗസേപ്പ്<br>ഉയിർപ്പ് മൂന്നാം ഞായർ<br>മെയ് ദിനം |
| 02.05.2022 | തിങ്കൾ | വി. അത്തനേഷ്യസ് |
| 03.05.2022 | ചൊവ്വ | വി. ഫിലിപ്പും യാക്കോബും |
| 05.05.2022 | വ്യാഴം | ജെറുസലേമിലെ വി. ആഞ്ചെലൂസ് |
| 06.05.2022 | വെള്ളി | മാസാദ്യവെള്ളി, വി. ഡൊമിനിക് സാവിയോ |
| 08.05.2022 | ഞായർ | ഉയിർപ്പ് നാലാം ഞായർ, പാവറട്ടി തിരുനാൾ |
| 09.05.2022 | തിങ്കൾ | വി. നിക്കൊളാസ് |
| 11.05.2022 | ബുധൻ | വി. മാമ്മെർതുസ് |
| 14.05.2022 | ശനി | വി. മത്തിയാസ് ശ്ലീഹാ |
| 15.05.2022 | ഞായർ | ഉയിർപ്പ് അഞ്ചാം ഞായർ |
| 16.05.2022 | തിങ്കൾ | വി. ജോൺ നെപുംസ്യാൻ |
| 17.05.2022 | ചൊവ്വ | വി. പാസ്ക്കൻ |
| 20.05.2022 | വെള്ളി | അതിരൂപത ദിനം |
| 22.05.2022 | ഞായർ | ഉയിർപ്പ് ആറാം ഞായർ |
| 25.05.2022 | ബുധൻ | വി. ഗ്രിഗറി |
| 29.05.2022 | ഞായർ | ഉയിർപ്പ് ഏഴാം ഞായർ |
| 31.05.2022 | ചൊവ്വ | പരി. കന്യകാമറിയത്തിന്റെ സന്ദർശനതിരുനാൾ |

# വി. റീത്ത - അസാധ്യകാര്യങ്ങളുടെ മധ്യസ്ഥ

മർഗ്ഗരീത്ത എന്നായിരുന്നു റീത്തയുടെ മാമോദീസാപ്പേര്. അത് ലോപിച്ച് റീത്ത എന്നായതാണ്. അവളുടെ മാതാപിതാക്കൾക്ക് വാർദ്ധക്യത്തിൽ ജനിച്ച ഏകപുത്രി റീത്ത ഏകാന്തതയെ ഉന്നം വച്ചു. കാഷ്യയയിലെ അഗസ്റ്റീനിയൻ മഠത്തിൽ ചേരാൻ തുടങ്ങിയതാണ്. എന്നാൽ മാതാപിതാക്കൾ എന്തോ കാരണത്താൽ അവളെ ഭയങ്കരനും മുൻകോപിയുമായ പോൾ ഫെർഡിനന്റിന് വിവാഹം കഴിച്ചുകൊടുത്തു. അവരുടെ ഇഷ്ടം ദൈവ ഇഷ്ടമായി റീത്ത സ്വീകരിച്ചു.

ഭർത്താവിന് റീത്തയുടെ ഭക്തിയൊന്നും ഇഷ്ടമായില്ല. കുടിച്ചു മദോന്മത്തനായി വരുമ്പോൾ അവളെ അയാൾ കഠിനമായി ദ്രോഹിച്ചിരുന്നു, രണ്ടാൺകുട്ടികൾ അവർക്കുണ്ടായിരുന്നു. അവർ ദിനംപ്രതി അമ്മയുടെ കൂടെ ദിവ്യപൂജയ്ക്ക് എത്തിയിരുന്നു. അവളുടെ പ്രാർത്ഥനയും പ്രായശ്ചിത്തങ്ങളും അവസാനം പൂവണിഞ്ഞു. ഭർത്താവു മാനസാന്തരപ്പെട്ടു. എന്നാൽ ഒരു വനത്തിൽവച്ച് ആരോ അയാളെ വധിച്ചു. റീത്ത ആ ഘാതകനോടു ക്ഷമിച്ചു. എന്നാൽ മക്കൾ പ്രതികാരം ചെയ്യണമെന്ന് ദൃഢവ്രതരായിരുന്നു. അവർ കൊലപാതകം ചെയ്യുന്നതിനുമുമ്പ് മരിച്ചാൽ മതിയെന്ന് റീത്ത പ്രാർത്ഥിച്ചു. ആ വർഷം തന്നെ രണ്ടു മക്കളും പിതൃഘാതകരോടു ക്ഷമിച്ചുകൊണ്ടു മരിച്ചു.

അന്ന് റീത്തക്ക് 30 വയസ്സ് ആയിരുന്നുള്ളൂ. കാർഷിയായിലെ അഗസ്റ്റിൻ മഠത്തിൽ ചേരുന്നതിന് അധികാരികളോട് അനുമതി ചോദിച്ചു. മൂന്നു പ്രാവശ്യം അനുമതി നിഷേധിച്ചു. 1417 ൽ ഒരു രാത്രി വി. അഗസ്റ്റിനും സ്നാപകയോഹന്നാനും വി. നിക്കോളാസും വന്ന് റീത്തയെ കൂട്ടിക്കൊണ്ടുപോയി, മഠം കപ്പേളയിലാക്കി. അവൾ പിന്നേയും വിശുദ്ധിയിൽ വളർന്നുകൊണ്ടിരുന്നു. 1442 ൽ കർത്താവിന്റെ പീഡാനുഭവത്തെപ്പറ്റി ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ മഠത്തിന്റെ ഭിത്തിയിലുണ്ടായിരുന്ന കർത്തൃരൂപത്തിലെ മുടിയിൽനിന്ന് പ്രകാശം ചിന്തുന്ന കുറെ രശ്മികൾ അവളുടെ നെറ്റിയിൽ പതിച്ചു. ഒരു മുള്ള് അവളുടെ നെറ്റിയിൽ ആഴത്തിൽ പതിഞ്ഞു. ആ മുറിവ് ഉണങ്ങാത്തതിനാൽ അവളുടെ കൊച്ചുമുറിയിൽ ഏകാകിനിയായി താമസിച്ചു. മുറിവ് പഴുത്തു ദുർഗന്ധം പുറപ്പെട്ടിരുന്നു. അസാധ്യകാര്യങ്ങളുടെ മധ്യസ്ഥ എന്നാണ് സ്പെയിൻകാർ റീത്തയെ സംബോധന ചെയ്തിരുന്നത്.

**Sr. ഗ്രെയ്സ് ചാക്കോ**
നിർമ്മല കോൺവെന്റ്

# പ്രണാമം – ഫാ. സ്റ്റാൻ സ്വാമി

**നൊറീൻ നെറ്റോ**
**സെന്റ് തോമാസ് യൂണിറ്റ്**



ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്താൽ കത്തിജ്വലിക്കുന്നവരെല്ലാം പുണ്യാത്മാക്കൾ. അനീതിക്കും ചൂഷണത്തിനും മനുഷ്യാവകാശത്തിനുംവേണ്ടി ഭരണകൂടത്തോടും മറ്റും ചോദ്യം ചെയ്യുമ്പോൾ ധീര കർമയോഗികളും എഴുത്തുകാരും കലാകാരന്മാരും പീഡനത്തിനും ചോദ്യം ചെയ്യപ്പെടലിനും രക്തസാക്ഷിത്വം വരിക്കുന്നതിനും ഇടയാകേണ്ടിവരുന്ന കാഴ്ച സർവ്വസാധാരണം മാത്രം. ഫാ. സ്റ്റാൻ സ്വാമിയുടെ ജീവിതവും ഇതിനുദാഹരണമാണ്. 1937 ൽ തമിഴ്നാട്ടിൽ തിരുച്ചിറപ്പള്ളിക്കു സമീപം വിരാഗളൂർ ഗ്രാമത്തിൽ ജനിച്ചു. മാതാപിതാക്കളുടെ ആറുമക്കളിൽ അഞ്ചാമനാണിദ്ദേഹം. 1970ൽ ജസ്യൂട്ട് സഭയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. ഫാ. സ്റ്റനിസ്ലാവോസ് ലൂർദ് സ്വാമി ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലും ജാംഷഡ്പൂരിലും ജോഹറിലും സേവനം ചെയ്തു. പിന്നീട് 36 കൊല്ലം ജാർഖണ്ഡിലെ ആദിവാസികളുടെ ക്ഷേമത്തിനും വേണ്ടി ജീവിച്ചു. 2020 ഒക്ടോബർ 8 ന് റാഞ്ചിയിൽവച്ച് അറസ്റ്റിലായി. വിവിധ രോഗങ്ങളാൽ വിഷമിച്ചിരുന്ന ഈ 84 കാരനെ ചികിത്സയും ജാമ്യവുമില്ലാതെ തലോജ് ജയിലിലാക്കി. ഒടുവിൽ ബോംബെ ഹൈക്കോടതി മുംബൈ ഹോളിഫാമിലി ആശുപത്രിയിലാക്കി. എന്നാൽ 2021 ജൂലൈ 5 ന് മരണമടഞ്ഞു. ആദിവാസികളുടെ കുറേ അവകാശങ്ങൾ നേടിയെടുത്തു. നിയമലംഘനങ്ങൾക്ക് കാഴ്ചക്കാരാവാൻ ഈ സുമനസ്സുകൾക്കാവില്ലല്ലോ. ധീരകർമയോഗിയാ ഫാ. സ്റ്റാൻ സ്വാമിക്ക് പ്രണാമം. സർവ്വശക്തന്റെ സ്നേഹാഗ്നിയിൽ ഇപ്പോൾ ജ്വലിച്ചെരിയുന്നുണ്ടാകും ആ ഹൃദയം!

# മൽപ്പിടുത്തക്കാരൻ

ഗ്രെയ്സി ജോണി
സെന്റ് തോമസ് യൂണിറ്റ്

ഞാൻ യാക്കോബ് - ഇസഹാക്കിന്റേയും റബേക്കായുടെയും പുത്രൻ. അമ്മയുടെ ഉദരത്തിലായിരുന്നപ്പോഴേ കർത്താവ് അരുളി ചെയ്തു. “നിന്റെ ഉദരത്തിൽ രണ്ടുകുഞ്ഞുങ്ങളാണ്. മൂത്തവൻ ഇളയവന് ദാസ്യവേല ചെയ്യും.” സീമന്തപുത്രന്റെ സർവ്വ അവകാശവും കയ്യടക്കിയ എന്നിൽ ആ ദൈവവചനം നിറവേറുകയായിരുന്നു. അതോടെ എനിക്ക് വീടും നാടും വിട്ട് ജ്യേഷ്ഠൻ ഏസാവിനെ ഭയന്ന് ദൂരെ പോകേണ്ടിവന്നു. ഞാൻ എത്തിച്ചേർന്നത് അമ്മയുടെ സഹോദരൻ ലാബാന്റെ ഭവനത്തിലും. അവിടെ ആടുമാടുകളെ നോക്കി നടന്നു. ലാബാന് രണ്ടു പെൺമക്കളായിരുന്നു. ഇളയവളായ റാഹേലിനെ തനിക്ക് വിവാഹം ചെയ്തുതരാമെന്നു പറഞ്ഞെങ്കിലും മൂത്തവൾ ലെയായെയാണ് ഭാര്യയായി തന്നത്. വീണ്ടും 7 വർഷം അവിടെ ജോലി ചെയ്തപ്പോൾ ഇളയവളെയും ഭാര്യയായി എനിക്കു കിട്ടി. അവിടെ പിടിച്ചുനിൽക്കാനാവാതെ രണ്ടും ഭാര്യമാരെയും മക്കളെയും ആടുമാടുകളെയും കൂട്ടി സ്ഥലം വിട്ടു. പക്ഷേ ലാബാൻ എന്നെ പിൻതുടർന്നുവന്നു. ദൈവം അവനെ വായ് മൂടിക്കെട്ടി എന്നെ രക്ഷിച്ചു. നാട്ടിൽ വന്നു സുഖമായി കഴിയണം എന്നായിരുന്നു എന്റെ പ്ലാൻ. എന്നാൽ വഴിക്കുവച്ച് ഞാൻ ദൈവവുമായി ഒരു വലിയ മൽപ്പിടുത്തം നടത്തി. അവിടെ വച്ച് എന്റെ അഹം ഞാൻ വെടിഞ്ഞു. എന്നെ ഇസ്രായേൽ എന്ന് വിളിച്ചു. നിങ്ങളൊക്കെ പുതിയ ഇസ്രായേൽ ജനതയാണ്. അതുകൊണ്ടുതന്നെ നിങ്ങളിതറിഞ്ഞിരിക്കണം. നമ്മിലെ കുറവുകൾ ദൈവത്തിനർപ്പിച്ച് അവിടുന്നിലാശ്രയിക്കുക. എന്നാലേ നാം പുതിയ മനുഷ്യരാകുകയുള്ളൂ. പിന്നെ വഴിക്കുവച്ചുതന്നെ ജ്യേഷ്ഠൻ ഏസാവുമായി രമ്യതയിലാവാൻ ദൈവം അനുവദിച്ചു.

ഞാൻ ഷെക്കെമിൽ സ്ഥലം വാങ്ങി; ബലിപീഠം പണിതു. നന്ദിസൂചകമായി അതിന് ‘ഏൽ എലോ ഹെ ഇസ്രായേൽ’ എന്നു പേരിട്ടു.

പിന്നീട് മക്കളുടെ ചില പ്രവൃത്തികൾ എന്നെ വേദനിപ്പിച്ചു. ദൈവഹിതപ്രകാരം അവരോട് ആത്മീയമായും ശാരീരികമായും ശുദ്ധിവരുത്തി വരുവാൻ ആവശ്യപ്പെട്ടു. ബഥേലിൽ ഒരു ബലിപീഠം പണിത് ദൈവത്തിന് നന്ദി പറഞ്ഞു. ദൈവം എന്നെ അനു

# Sangeerthanam Tower

Events Hall





PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിംഗുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകയ്ക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111


BOSS




## ശ്രീ കെ.കെ. വർഗ്ഗീസ് & മേരി വർഗ്ഗീസ്

കുണ്ടുകുളങ്ങര ഹൗസ് അയ്യന്തോൾ - പുതൂർക്കര

ആശംസകളോടെ

മക്കൾ : റോയ്, ജെൻസൺ, ജോഷി    മരുമക്കൾ : റീജ, ലിനു, നീനു

പേരക്കുട്ടികൾ നവ്യ റോയ്, സാം ജേക്കബ്, അഷർ ആദം ജോഷി

മേഖല യൂണിറ്റ്

# 92nd Day of Demise

07.05.2022



## VARGHESE

Koothur Vellattukara House

Born : 02.10.1942 Died : 05.02.2022

*Ever Loving Memory of Our Pappa....*

St Joseph Unit

ഗ്രഹിച്ച് ഇങ്ങനെ പറഞ്ഞു, “നിന്നിൽ നിന്നും വലിയ ജനതയും രാജാക്കന്മാരും ഉടലെടുക്കും.”

ബഞ്ചമിന്റെ ജനനത്തോടെ റാഹേൽ മരിച്ചു. പിന്നീട് മാമ്രേയിൽ പോയി പിതാവിനെ കണ്ടു. താമസിയാതെ പിതാവും മൃതിയടഞ്ഞു. മക്കളിൽ ജോസഫിനോട് കൂടുതൽ ഇഷ്ടമായിരുന്നതുകൊണ്ട് മറ്റു മക്കൾ അവനെ പൊട്ടക്കിണറിലെറിഞ്ഞു. മരിച്ചുപോയി എന്ന് എന്നോട് പറഞ്ഞു. ദൈവം എന്റെ ഹൃദയവേദന മനസ്സിലാക്കി. ഈജിപ്തിൽ ധാന്യം വാങ്ങാൻ ക്ഷാമകാലത്ത് മക്കൾ പോയപ്പോഴാണ് ജോസഫാണ് അവിടത്തെ അധിപനെന്നു മനസ്സിലായത്. അവൻ ഞങ്ങളെ ഈജിപ്തിൽ ഫറവോയോട് പറഞ്ഞ് ഏറ്റവും നല്ല സ്ഥലത്ത് പാർപ്പിച്ചു. നല്ലദൈവം എനിക്കിടക്ക് ദർശനം നല്കി അനുഗ്രഹിച്ചു. ഞാൻ മക്കളെ അനുഗ്രഹിച്ചു, ഒരു പ്രവചനഗീതം ആലപിച്ചു (ഉൽപ. 49:1-27). പിതാക്കന്മാരുടെ കല്ലറയിൽ എന്നെയും അടക്കണമെന്ന് ആവശ്യപ്പെട്ടു.

ജോസഫും സഹോദരന്മാരും അപ്രകാരം ചെയ്തു.

ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു. റോമാ 8:28.



**പാലയൂർ മഹാ തീർത്ഥാടനം അയ്യന്തോൾ ഇടവക അതിർത്തിയിൽ വികാരി ഫാ ജെയ്സൺ പുന്നശ്ശേരി നയിക്കുന്നു**

## അറിയിപ്പ്

എല്ലാ മാസവും 20-ാം തിയ്യതിക്കു മുമ്പായി, മതബോധന വാർത്തകൾ, കുടുംബകൂട്ടായ് വാർത്തകൾ, യൂണിറ്റ് വാർത്തകൾ, പരസ്യങ്ങൾ, മറ്റു വാർത്തകൾ നൽകേണ്ടതാണ്. എന്നാൽ മാത്രമേ ആദ്യ വാരത്തിൽ മരിയനാദം നൽകാൻ സാധിക്കുകയുള്ളു.

പത്രാധിപസമിതി

# സ്നേഹത്തിന്റെ സൗരഭ്യം

തൊടിയിലെ കുഞ്ഞു പൂവിന്റെ
മുഖം നോക്കി നിൽക്കേ
മുത്തം കൊടുക്കുവാനുള്ളം കൊതിക്കവേ
മിന്നുമീ കൊച്ചുടുപ്പ് ആര് തുന്നിയെന്ന്
കൗതുകം പൂണ്ട് ചിന്തയിലാണ് ഞാൻ നിൽക്കേ,
സർവ്വാലംകൃതനാകുമാ സോളോമനേക്കാൾ
അലംകൃതമാക്കുന്ന ലില്ലിയെ
എന്തു ചൊന്നോരാ
പിതാവിന്റെ സ്നേഹമോർക്കവേ!
അറിഞ്ഞു ഞാൻ അവളുമെൻ സോദരീ,
എൻ നേർകുഞ്ഞുപെങ്ങൾ
ഒരപ്പന്റെ കുഞ്ഞുമക്കൾ
സ്നേഹിക്കാൻ പറഞ്ഞ, സ്നേഹിക്കാൻ പഠിപ്പിച്ച
ശത്രുസ്നേഹത്തിൻ മൂർത്തഭാവമായി സ്വന്തം ജീവൻ
വെടിഞ്ഞൊരപ്പന്റെ പൊന്നുമക്കൾ.
ഉച്ചനീചത്വങ്ങൾക്കിടയിൽ പൊട്ടിപ്പൊളിഞ്ഞു തകരുന്നു മനുഷ്യ
ബന്ധങ്ങൾ

കൊത്തിവലിക്കുന്നു, മാംസത്തിനായി ഇറ്റു വീഴുന്ന
രക്തതുള്ളിക്കായ് ആർത്തി പൂണ്ട ചെന്നായ് കൂട്ടങ്ങളാകുന്നു.
കുത്തിതുളച്ച കുന്തമുനയെയും ചുംബിച്ചു സ്നേഹത്തിൻ
നീർത്തുള്ളി ക്രൂരമാർന്നോരം ഹൃദത്തിൻ അന്ധത
നീക്കിയൊരാ സ്നേഹത്തിൻ മുമ്പിലേക്കായ്....

തിരിച്ചു നടക്കാം, മക്കൾ തൻ തിരിച്ചുവരവിനായി
കാത്തിരിക്കുമപ്പന്റെ ചാരെയോടിയണയാം.
ഈ കൊച്ചുമരക്കൂട്ടിൽ പാപഭാരമിറക്കാം
ആ ക്രൂശുമരത്തെ കെട്ടിപ്പിടിച്ചു
പൊട്ടിക്കരഞ്ഞ് ഹൃദയം നിർമ്മലമാക്കാം.
നൈർമല്യം നിറയുമീ ഹൃദയത്തിലും
ഈ കുഞ്ഞുപൂ വിരിയട്ടെ...!

റൂഹാ തൻ ഫലമെന്നിൽ പൂവായി വിരിയട്ടെ?
സൗരഭ്യമെന്നിൽ നിന്ന് ഒഴുകട്ടെ.

സെന്റ് സേവിയേഴ്സ് യൂണിറ്റ്
**ജെസിമോൾ പി. റാഫേൽ**

# മത്തങ്ങാക്കുരു ഉണക്കിപ്പൊടിച്ച് കഴിയ്ക്കാം, കാരണം....



മത്തങ്ങാക്കുരു കളയരുത്, കഴിയ്ക്കണം എന്നു പറയാൻ ചില പ്രത്യേക കാരണങ്ങളുണ്ട്. ഏറെ ആരോഗ്യ ഗുണങ്ങൾ അടങ്ങിയ ഒന്നാണിത്.

നമുക്ക് പ്രകൃതിയിൽ നിന്നും ലഭിയ്ക്കുന്ന പല പച്ചക്കറികളുടേയും മിക്കവാറും എല്ലാ ഭാഗങ്ങളും ഏറെ ഗുണകരമാണ്. ഇത്തരത്തിൽ ഒന്നാണ് മത്തങ്ങ. മത്തങ്ങ ആരോഗ്യപരമായ ഗുണങ്ങൾ ഏറെയുള്ള ഒന്നാണ്. പൊതുവേ ഇതിന്റെ കുരുവും തൊലിയും നാം കളയാറാണ് പതിവ്. ഉള്ളിലെ മാംസളമായ ഭാഗമേ എടുക്കാറുള്ളൂ. എന്നാൽ, ഈ ഭാഗത്തേക്കാളും ആരോഗ്യ കാര്യത്തിൽ മികച്ചു നിൽക്കുന്ന ഒന്നാണ് മത്തങ്ങയുടെ കുരുവെന്നതാണ് വാസ്തവം. മത്തങ്ങയുടെ കുരു ഉണക്കിപ്പൊടിച്ച് കഴിയ്ക്കുന്നത് നൽകുന്ന ആരോഗ്യപരമായ ഗുണങ്ങൾ ചെറുതല്ല. ഇത് വലിയ വിലയ്ക്ക് തന്നെ വിൽപ്പന നടക്കുന്നുമുണ്ട്.

ആരോഗ്യമുള്ള ശരീരം വേണമെങ്കിൽ എല്ലുകൾക്ക് നല്ല ബലം വേണം. മത്തങ്ങയുടെ കുരുവിൽ നല്ല അളവിൽ അടങ്ങിയിട്ടുള്ള മഗ്നീഷ്യം എല്ലിന്റെ വികാസത്തിന് വളരെ ആവശ്യമായ ഘടകമാണ്. മഗ്നീഷ്യം അടങ്ങിയ ഭക്ഷണം കൂടിയ അളവിൽ കഴിക്കുന്നത് എല്ലിന്റെ ദൃഢത വർദ്ധിപ്പിക്കുന്നു. കൂടാതെ, അസ്ഥിക്ഷയവും തടയുവാൻ ഇതുമൂലം സാധിക്കുന്നു. 100 ഗ്രാം മത്തങ്ങയുടെ കുരുവിൽ 23.33 ഗ്രാം പ്രോട്ടീൻ അടങ്ങിയിട്ടുണ്ട്. മസിലുകളുടെ ആരോഗ്യത്തിന് ഇത് ഏറെ അത്യുത്തമമാണ്. ഇറച്ചി പോലുള്ളവ കഴിയ്ക്കാത്തവർക്ക് പ്രോട്ടീൻ ഗുണം നൽകുന്ന പ്രധാനപ്പെട്ട ഒരു ഭക്ഷണ വസ്തുവാണിത്.

പുരുഷന്റെ വന്ധ്യതാ പ്രശ്നങ്ങൾ അകറ്റാനുള്ള നല്ലൊരു വഴിയാണ് മത്തങ്ങയുടെ കുരു. ഇതിൽ ധാരാളം സിങ്ക് അടങ്ങിയിട്ടുണ്ട്. പ്രോസ്റ്റേറ്റ് അഥവാ വൃഷണാരോഗ്യത്തിന് പ്രധാനപ്പെട്ട ഒന്നാണ് ഇത്. വൃഷണ ഗ്രന്ഥിയ്ക്കു വലിപ്പം വർദ്ധിയ്ക്കുന്ന അവസ്ഥ ബിനൈൻ പ്രോസ്റ്റേറ്റിക് ഹൈപർ പ്ലാസിയ എന്ന കണ്ടീഷൻ വരാതിരിയ്ക്കാൻ ഇത് ഏറെ നല്ലതാണ്. മൂത്ര വിസർജനത്തെ ബാധിയ്ക്കുന്ന ഒന്നാണിത്.

ടെസ്റ്റോസ്റ്റിറോൺ അതായത് പുരുഷ ഹോർമോൺ തോതുയർത്താൻ ഇത് സഹായിക്കുന്നു. ഇതിനു പുറമെ ശേഷിയ്ക്ക് അത്യാവശ്യമായ പ്രോട്ടീൻ, മാംഗനീസ്, മഗ്നീഷ്യം, ഫോസ്ഫറസ്, അയേൺ, സിങ്ക്, പൊട്ടാസ്യം എന്നിവയും ഇതിൽ ധാരാളമുണ്ട്.

ഹൃദയാരോഗ്യത്തിന് ഉത്തമമാണ് ഇത്. ഒമേഗ ത്രീ ഫാറ്റി അടങ്ങിയിരിയ്ക്കുന്നതു കൊണ്ടു തന്നെ പല ആരോഗ്യ ഗുണങ്ങളും ലഭിയ്ക്കുന്ന ഒന്നാണിത്. ഹൃദയത്തിന്റെയും തലച്ചോറിന്റെയും ശരിയായ പ്രവർത്തനത്തിന് ഒമേഗ 3 ഫാററി ആസിഡുകൾ ഏറെ സഹായകമാണ്. മീൻ കഴിയ്ക്കാത്തവർക്ക് ഒമേഗ ത്രീ ഫാററി ആസിഡുകൾ ലഭിയ്ക്കാൻ കഴിയ്ക്കാവുന്ന പ്രധാനപ്പെട്ട ഭക്ഷണമാണിത്.

ഹൃദയത്തിന്റെ ആരോഗ്യത്തിനു ഗുണകരമായ ആന്റിഓക് സിഡന്റുകൾ, മഗ്നീഷ്യം, ഫാറ്റി ആസിഡുകൾ എന്നിവയാൽ സമ്പുഷ്ടമാണ് മത്തങ്ങയുടെ കുരുക്കൾ. മോണോ അൺസാച്ചുറേറ്റഡ് ഫാറ്റി ആസിഡുകൾ അടങ്ങിയിട്ടുള്ളതിനാൽ, ഇവ നിങ്ങളുടെ മോശം കൊളസ്ട്രോൾ കുറയ്ക്കുകയും, രക്തത്തിലെ നല്ല കൊളസ്ട്രോളിന്റെ സാന്നിധ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ ഹൃദയത്തെ ഏറെ ആരോഗ്യകരമായി സൂക്ഷിക്കാൻ മത്തങ്ങാക്കുരുവിന് കഴിയും.

ഇതിൽ ട്രിപ്റ്റോഫാൻ എന്നൊരു ഘടകമുണ്ട്. ഉറക്കം വരാൻ ട്രിപ്റ്റോഫാൻ സഹായിക്കുന്നു. കൂടാതെ, ഇതിൽ അടങ്ങിയിട്ടുള്ള മഗ്നീഷ്യം ഉറക്കക്കുറവിന്റെ പ്രശ്നത്തെ മറികടക്കാൻ സഹായിക്കുകയും ചെയ്യും. ഇത് തലച്ചോറിന്റെ ശരിയായ പ്രവർത്തനത്തിനും ഹോർമോൺ പ്രവർത്തനങ്ങൾക്കും സഹായിക്കുന്ന ഒന്നാണ്. ഡിപ്രഷൻ പോലുള്ള പ്രശ്നങ്ങളിൽ നിന്നും മോചനം നൽകുന്ന ഒന്നാണ്. ശരീരഭാരം ആവശ്യമായ അളവിൽ നിലനിർത്താനും, വിശപ്പ് കുറയ്ക്കുവാനും സഹായിക്കുന്നു. കൂടാതെ, നിങ്ങളുടെ ദഹനം നന്നാക്കുവാനും മത്തങ്ങാക്കുരു സഹായകരമാണ്. മത്തങ്ങയുടെ കുരുവിൽ ക്യൂകൂർബിറ്റിൻ എന്ന ഒരുതരം അമിനോ ആസിഡ് അടങ്ങിയിട്ടുണ്ട്. ഇത് മുടിയുടെ വളർച്ചയ്ക്ക് പ്രധാന പങ്കുവഹിക്കുന്ന ഒരു ഘടകമാണ്. മത്തങ്ങയിൽ അടങ്ങിയിട്ടുള്ള മറ്റ് മൈക്രോ ന്യൂട്രിയന്റുകൾ മുടിയുടെ ഗുണവും ബലവും മെച്ചപ്പെടുത്തുവാനും സഹായിക്കുന്നു.

■

# വി. റീത്ത - അസാധ്യകാര്യങ്ങളുടെ മധ്യസ്ഥ

മർഗ്ഗരീത്ത എന്നായിരുന്നു റീത്തയുടെ മാമോദീസാപ്പേര്. അത് ലോപിച്ച് റീത്ത എന്നായതാണ്. അവളുടെ മാതാപിതാക്കൾക്ക് വാർദ്ധക്യത്തിൽ ജനിച്ച ഏക പുത്രി റീത്ത ഏകാന്തതയെ ഉന്നം വച്ചു. കംഷ്യയയിലെ അഗസ്റ്റീനിയൻ മഠത്തിൽ ചേരാൻ തുടങ്ങി യതാണ്. എന്നാൽ മാതാപിതാക്കൾ എന്തോ കാരണത്താൽ അവ ളെ ഭയങ്കരനും, മുൻകോപിയുമായ പോൾ ഫെർഡിനന്റിന് വിവാ ഹം കഴിച്ചുകൊടുത്തു. അവരുടെ ഇഷ്ടം ദൈവ ഇഷ്ടമായി റീത്ത സ്വീകരിച്ചു.

ഭർത്താവിന് റീത്തയുടെ ഭക്തിയൊന്നുമിഷ്മായില്ല. കുടിച്ചുമ ദോൻമത്തനായി വരുമ്പോൾ അവളെ അയാൾ കഠിനമായി ദ്രോഹിച്ചിരുന്നു. രണ്ടാൺകുട്ടികൾ അവർക്കുണ്ടായിരുന്നു. അവർ ദിനംപ്രതി അമ്മയുടെ കൂടെ ദിവ്യപൂജക്ക് എത്തിയിരുന്നു. അവ ളുടെ പ്രാർത്ഥനയും പ്രായശ്ചിത്തങ്ങളും അവസാനം പൂവണിഞ്ഞു.

ഭർത്താവു മാനസാന്തരപ്പെട്ടു. എന്നാൽ ഒരു വനത്തിൽ വച്ച് ആരോ അയാളെ വധിച്ചു. റീത്ത ആഘാതകനോടു ക്ഷമിച്ചു. എന്നാൽ മക്കൽ പ്രതികാരം ചെയ്യണമെന്ന് ദൃഢവ്രതരായിരുന്നു. അവർ കൊലപാതകം ചെയ്യുന്നതിന് മുമ്പ് മരിച്ചാൽ മതിയെന്ന് റീത്ത പ്രാർത്ഥിച്ചു. ആ വർഷം തന്നെ രണ്ടുമക്കളും പിതൃഘാത കരോടു ക്ഷമിച്ചുകൊണ്ട് മരിച്ചു.

അന്ന് റീത്തക്ക് 30 വയസ്സേ ആയിരുന്നുള്ളു. കാഷിയായിലെ അഗസ്റ്റിൻ മഠത്തിൽ ചേരുന്നതിന് അധികാരികളോട് അനുമതി ചോദിച്ചു. മൂന്നു പ്രാവശ്യം അനുമതി നിഷേധിച്ചു. 1417ൽ ഒരു രാത്രി വി. അഗസ്റ്റിനും സ്നാപകയോഹന്നാനും വി. നിക്കോളാസും വന്ന് റീത്തയെ കൂട്ടികൊണ്ടുപോയി മഠം കപ്പേളയിലാക്കി. അവൾ പിന്നേയും വിശുദ്ധിയിൽ വളർന്നുകൊണ്ടിരുന്നു. 1442ൽ കർത്താവിന്റെ പീഡാനുഭവത്തെപ്പറ്റി ധ്യാനിച്ചുകൊണ്ടിരിക്കു മ്പോൾ മഠത്തിന്റെ ഭിത്തിയിലുണ്ടായിരുന്ന കത്തൃരൂപത്തിലെ മുടിയിൽ നിന്ന് പ്രകാശം ചിന്തുന്ന കുറേരശ്മികൾ അവളുടെ നെറ്റിയിൽ പതിച്ചു. ഒരുമുള്ള് അവളുടെ നെറ്റിയിൽ ആഴത്തിൽ പതിഞ്ഞു. ആ മുറിവ് ഉണങ്ങാത്തതിനാൽ അവളുടെ കൊച്ചുമുറി യിൽ ഏകാകിനിയായി താമസിച്ചു. മുറിവ് പഴുത്തു ദുർഗന്ധം പുറപ്പെട്ടിരുന്നു. അസാധ്യകാര്യങ്ങളുടെ മധ്യസ്ഥ എന്നാണ് സ്പെയിൻകാർ റീത്തയെ സംബോധന ചെയ്തിരുന്നത്.

**സി. ഗ്രെയ്സ് ചാക്കോ**

# നല്ല മാതാവേ മരിയേ

**മേരി രാജു**
സെന്റ് സേവിയേഴ്സ് യൂണിറ്റ്.



ഈ സുന്ദരഗാനം മെയ് മാസത്തിൽ ചെറുപ്പം മുതലേ ക്രിസ്തീയ കുടുംബങ്ങളിൽ നിന്നുയരുന്നത് നാം കേട്ട് ശീലിച്ച താണ്. മെയ് മാസമായാൽ തലേദിവസത്തെ (ഏപ്രിൽ 30) പ്രാർത്ഥന തുടങ്ങി മാതാവിന്റെ രൂപം അലങ്കരിച്ച് ചൊല്ലിയാലേ പ്രായമായവർ സമ്മതിക്കുകയുള്ളൂ. പുതിയ തലമുറകൾക്കും ഈ പ്രാർത്ഥന ചൈതന്യം ഇതുപോലെ നാം പകർന്നുകൊടുക്കണം. പ. അമ്മ നമ്മുടെ കുടുംബത്തേയും പ്രശ്നങ്ങളേയും തൊടും.

രണ്ടാംവത്തിക്കാൻ സൂനഹദോസിനുശേഷം മരിയ ഭക്തിയിൽ മാന്ദ്യമുണ്ടായെങ്കിലും, ഇപ്പോൾ സമസ്തലോകവും മാതാവിനെ വണങ്ങുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ജെറുസലേമിലെ ആദ്യ ദേവാലയം അമ്മയുടെ നാമത്തിലാണല്ലോ. ദൈവമാതാവെന്ന മഹോന്നതസ്ഥാനം ലോകത്തിൽ ഇന്നുവരെ ആർക്കും ലഭിച്ചിട്ടില്ല. മറിയം എന്ന പേരിലെ 'മർ' എന്നാൽ മീറ എന്നർത്ഥം. 'യം' എന്നാൽ സമുദ്രം എന്നും. കയ്പും സുഗന്ധവും മീറക്കുണ്ട്. കഷ്ടതകളുടെ കയ്പും, പരിശുദ്ധിയുടെ സുഗന്ധവും നിറഞ്ഞവൾ. സാക്ഷ്യപേടകത്തിലെ മന്നാപോലെ ഈശോയെ വഹിച്ച പ. അമ്മ വാഗ്ദാനപേടകമായി സ്വർഗ്ഗത്തിൽ വാഴുന്നതായി കരുതിപ്പോരുന്നു. നിത്യകന്യക, മുന്തിരിത്തണ്ട്, തീക്കനൽപാറ, രണ്ടാം ഹവ്വാ, ബോധജ്ഞാനത്തിന്റെ സിംഹാസനം തുടങ്ങി അമ്മയ്ക്കുള്ള വിശേഷണങ്ങൾ ഏറെയാണ്. മാതാവില്ലെങ്കിൽ ആയുധമില്ലാതെ പടപൊരുതുന്ന യോദ്ധാക്കളാകും നാം. ഇന്നത്തെ ലോകത്തിന്റെ അവസ്ഥ പ. കന്യകാമറിയത്തോടുള്ള മെയ്മാസവണക്കം പൂർവ്വാധികം ശക്തമാക്കേണ്ടതാണന്ന് ഓർമ്മപ്പെടുത്തുന്നു. 'നല്ല മാതാവേ മരിയേ' അങ്ങേ മക്കളെ പൊതിഞ്ഞു കാക്കണമേ,

# മരിയൻ ഭക്തിയും യുവതലമുറയും

**അബിൻ സാബുരാജ്**
**സെന്റ് പോൾസ് യൂണിറ്റ്**

'ഇടനെഞ്ചിലെരിയുന്ന കനലിന്റെ ചൂടേറ്റ്,
പൊഴിയുന്ന കണ്ണുനീർ മുത്തെടുത്ത്....
അമ്മേ നിനക്കായ് ഞാൻ കോർത്തൊരുക്കി....
അൻപത്തി മൂന്നുമണി ജപമാല...'

കേവലം അൾത്താര അലങ്കാരങ്ങളിലോ കൊന്ത നിർമ്മാണ മത്സരത്തിലോ യൂണിറ്റ് അടിസ്ഥാനത്തിലുള്ള കൊന്തചൊല്ലലുകളിലോ വീട് വീടാന്തരം കയറിയിറങ്ങിയുള്ള ജപമാല പ്രദക്ഷണത്തിലോ മാത്രം ഒതുങ്ങേണ്ടതാണോ നമ്മുടെ ജപമാല. ജപമാല ചെല്ലുന്ന സമയത്ത് മാത്രം ഭയങ്കര തിരക്കാണ് എല്ലാ വീടുകളിലും. സ്വന്തം ആവശ്യങ്ങൾ അൽപ്പനേരം മാറ്റിവച്ച് ടിവിയും മൊബൈലും അൽപ്പനേരം ഓഫ് ചെയ്ത് തിരുഹൃദയത്തിന്റെ മുമ്പിൽ ഇരുന്ന് കൊന്ത ചൊല്ലാൻ ഈ ലോക്ക്ഡൗൺ സമയത്തും നമ്മൾ സമയം കണ്ടെത്തുന്നുണ്ടോ? ജപമാലക്ക് പ്രാധാന്യം കൊടുക്കുന്നുണ്ടോ? അത് കുട്ടികൾക്ക് (15 വയസിന് താഴെ) മാത്രമുള്ള ജോലിയായി ഒതുക്കി ഞങ്ങൾ യുവാക്കളും ഞങ്ങളുടെ തിരക്കേറിയ മാതാപിതാക്കളും രക്ഷപ്പെടുകയല്ലേ പതിവ്.

എന്തിനാണ് ജപമാല ചൊല്ലുന്നത്?
എന്റെ ജീവിതത്തിൽ ജപമാലക്കുള്ള പങ്ക്?

മാതാവിന് എന്റെ ജീവിതത്തിൽ എന്തെങ്കിലും സ്ഥാനമുണ്ടോ? ഈ വക ചോദ്യങ്ങൾക്കെല്ലാം ഞാൻ അടക്കമുള്ള യുവതലമുറക്ക് എന്തെങ്കിലും ഉത്തരമുണ്ടോ?

പതിമൂന്നാം ശതാബ്ദത്തിൽ വി. ഡൊമിനിക്കാണ് ജപമാല ഭക്തി ആദ്യമായി പ്രസംഗിച്ചത്. 1208-ൽ പ്രൌവിൽ എന്ന സ്ഥലത്തെ ദൈവമാതൃ ദേവാലയത്തിൽ മുട്ടുക്കുത്തി തിരുസഭക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവമാതാവ് ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് ജപമാല നൽകിക്കൊണ്ട് അത് പ്രസംഗിക്കാൻ പറഞ്ഞു. വിശുദ്ധന്റെ ജപമാല പ്രസംഗങ്ങൾ അനേകരെ മാനസാന്തരപ്പെടുത്തിയിട്ടുണ്ട്. 1716-ൽ ഹംഗറിയിലെ എവുജീൻ രാജകുമാരൻ തുർക്കികളെ പരാജയപ്പെടുത്തിയപ്പോൾ ജപമാല

തിരുനാൾ സാർവത്രിക സഭയിൽ കൊണ്ടാടുന്നതിനായി പതിമൂന്നാം ലെയോ മാർപാപ്പ ഒക്ടോബർ മാസം ജപമാല മാസമായി പ്രഖ്യാപിച്ചു. ഒക്ടോബർ ഏഴാം തിയതി ജപമാല രാജ്ഞിയുടെ തിരുന്നാൾ ആണെന്ന് ഇന്നത്തെ യുവജനങ്ങൾക്കിടയിൽ ആർക്കൊക്കെ അറിയാം.

നമ്മൾ ചൊല്ലുന്ന ഓരോ ജപമാല പ്രാർത്ഥനക്കും ഓരോ ലക്ഷ്യമുണ്ടാകണം, ഒരു നിയോഗവുമുണ്ടാകണം. ഇന്ന് നമ്മുടെ വീട്ടിൽ ചൊല്ലുന്ന ഓരോ ജപമാല മണിക്കും അനേകം ലക്ഷ്യങ്ങളും നിയോഗങ്ങളുമുണ്ടാകും കാരണം അതുപോലെയുള്ള പ്രതിസന്ധിഘട്ടത്തിലൂടെയാണ് ഞാനും നിങ്ങളും ലോകവും നീങ്ങിക്കൊണ്ടിരിക്കുന്നത്. പ്രധാനമായും നമുക്ക് ഉണ്ടാകേണ്ടത് മാനസാന്തരമാണ്. എന്റെയും എന്റെ കുടുംബത്തിന്റെയും ഞാനുൾപ്പെടുന്ന യുവ തലമുറയുടേയും രാജ്യത്തിന്റെയും ലോകത്തിന്റെയും തന്നെ മാനസാന്തരം. ഫാത്തിമായിൽ മാതാവ് പ്രത്യക്ഷപ്പെട്ട് ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ നൽകിയ നിയോഗം റഷ്യയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുകയാണ്. അമ്മയോടുകൂടി ചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കുമ്പോൾ നമ്മുടെ നിയോഗം എന്താണ്...

ഞാൻ സി.എൽ.സിയിലെ അംഗമാണ് എന്ന് കരുതി മാതാവിന് എന്നോട് പ്രത്യേക ഇഷ്ടമുണ്ടാകുമോ? വിശുദ്ധ കുർബാനക്ക് ശേഷം അൽപ്പസമയം മരിയൻ സൊഡാലിറ്റിക്കുവേണ്ടി സമയം ചെലവഴിക്കാൻ ഞാനടക്കമുള്ള യുവതലമുറക്ക് സമയമുണ്ടോ? അത് നമ്മൾ കുട്ടികളെ ഏൽപ്പിച്ച് തടി തപ്പുകയല്ലേ പതിവ്. ഈ സി.എൽ.സി സംഘടനയിൽ ഉള്ളവർതന്നെ മരിയൻ സൊഡാലിറ്റി പ്രാർത്ഥന തുടക്കം മുതൽ അവസാനം വരെ പങ്കെടുത്തിട്ടുണ്ടോ.... സംശയമാണ്....! സൊഡാലിറ്റിയിലെ പ്രാർത്ഥനയിൽ ഉള്ള ഗാനങ്ങൾപോലും ഇന്നത്തെ യുവജനങ്ങൾക്ക് അറിയുമോ.... (മുന്നണി, മുന്നണി, മരിയമുന്നണി). ഈ ഗാനം എന്റെ അമ്മ വീട്ടിൽ ഇടക്കിടെ പാടുമ്പോൾ സി.എൽ.സി ഗാനമായിരുന്നു അത് എന്ന് ഞങ്ങൾക്ക് അറിയുമായിരുന്നില്ല. അമ്മയുടെ ചെറുപ്പക്കാലത്ത് വേദപാഠത്തിനുശേഷം നിർബന്ധമായും സി.എൽ.സി സൊഡാലിറ്റിയും പ്രാർത്ഥനകളും കഴിഞ്ഞ് ഉച്ചയാകും വീട്ടിൽ

# 15-ാം ചരമവാർഷികം

17.05.2022



# Adv. J.V. Akkara

ജീവനും പുനരുത്ഥാനവും
ഞാനാകുന്നു.

യോഹ 11 : 25

St. Xavior Unit

10 Yeras of Service Experience

NIRMALA MATHA
CENTRAL SCHOOL
East Fort Thrissur

നിർമ്മല മാത CBSE School ലേക്ക് വിദ്യാർത്ഥികൾക്ക്
വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്

Morning Star
Holidays

Puzhakkal, Muthuvara
Guruvayoor Road, Thrissur



Romi Joseph
9446228719, 9496628719

വിവാഹം, വിനോദം, തീർത്ഥാടനം
എന്നിവയ്ക്കും സമീപിക്കുക


81
പരിശുദ്ധിയുടെ
സുവർണ്ണ
പാരമ്പര്യം.
TT DEVASSY
JEWELLERS
NEAR VADAKKE STAND, THRISSUR
97452 88881
www.ttdevassyjewellers.com
ttdevassyjewellers



നിർമല കോൺവെന്റ് യു. പി സ്കൂൾ അയ്യന്തോൾ
USS-LSS
WINNERS
NIRMALA CONVENT
U.P SCHOOL AYYANTHOLE
SPECIAL WINNERS
SANSKRIT SCHOLARSHIP WINNERS
ADMISSION STARTED
FOR BOYS AND GIRLS
LKG TO STD VII
CALL : +91 9645807325

എത്തുന്നത് എന്ന് കേട്ടിട്ടുണ്ട്. ഇന്ന് വിശുദ്ധ കുർബാന കഴിഞ്ഞ് ഒരുപാട്ട് പാടുമ്പോഴേക്കും നമ്മൾ തല ചൊറിഞ്ഞുത്തുടങ്ങുകയില്ലേ.

“വൈകീട്ട് കുരിശുമണി അടിക്കുമ്പോൾ മക്കളെല്ലാവരും വീട്ടിൽ ആയിരിക്കാനും കുടുംബപ്രാർത്ഥന കഴിഞ്ഞാലുടൻ അവർ സ്തുതിചൊല്ലി അപ്പന്റേയും അമ്മയുടെയും കൈ മുത്തുവാനും അവരെ പരിശീലിപ്പിക്കണം. ഇത് മാതാപിതാക്കളുടെ കടമയാകുന്നു.” വി.ചാവറ പിതാവിന്റെ വാക്കുകളാണിവ.

വിശ്വാസരാഹിത്യം നേരിടുന്ന ഇന്നത്തെ തലമുറ :- എന്താണ് പ്രാർത്ഥിച്ചുകൊണ്ടിരുന്നത് എന്ന് വി. ജോൺ മരിയ വിയാനി ചോദിച്ചപ്പോൾ ഒരു കർഷകൻ വിശുദ്ധനോട് മറുപടി പറഞ്ഞു: “ഞാൻ അവിടുത്തെ നോക്കുന്നു. അവിടുന്ന് എന്റെ നേരെ നോക്കുന്നു” ഇതാണ് എന്റെ പ്രാർത്ഥന. വി. മദർ തെരേസയുടെ വാക്കുകളിൽ എനിക്ക് എന്നിൽ തന്നെ ആശ്രയിക്കാൻ ആവാത്തതുകൊണ്ട് ദിവസത്തിൽ 24 മണിക്കൂറും ഞാൻ അവിടുത്തെ ആശ്രയിക്കുന്നു.

ആവിലായിലെ വി. തെരേസ പറയുന്നതുപോലെ “സുഹൃത്തുക്കൾ തമ്മിലുള്ള ആത്മാർത്ഥമായ പങ്കുവയ്ക്കലാണ് പ്രാർത്ഥന.”

ദൈവം നമ്മോടും സംസാരിക്കുന്നു. നാം ദൈവത്തോട് പ്രാർത്ഥിക്കുകയും ദൈവത്തിൽ ജീവിക്കുകയും ചെയ്യുമ്പോൾ പകരമായി ദൈവം നമ്മെ അനുഗ്രഹിക്കുകയും നമ്മിൽ വസിക്കുകയും ചെയ്യുന്നു. വിശ്വാസരാഹിത്യത്തിൽപ്പെട്ട ഇന്നത്തെ യുവതലമുറയെ പാക്കിസ്ഥാൻ ഭീകരവാദ സംഘടനയിൽ പെട്ടവർ, നിരീശ്വരവാദ സംഘടനകൾ ബ്ലാക്ക് മാസ്സ് നടത്തുന്ന സംഘടനകൾ ഇവയിലെ അംഗങ്ങളെല്ലാം കൊത്തിക്കൊണ്ടുപോകുന്നു. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിന്റെ കുറവ് മൂലവും ദൈവത്തെ ശരിയായി അറിയാത്തത് മൂലവും ഇങ്ങനെയുള്ള കെണികളിൽ ഇന്നത്തെ യുവതലമുറകൾ വീണ് പോകുന്നു. മാതാവിനോടുള്ള ഭക്തി മാത്രമാണ് ഇതിനുള്ള ഒരു പോംവഴി. ഇന്നത്തെ യുവാക്കൾ മരിയൻ ഭക്തി പ്രചരിപ്പിക്കാൻ വളരെയധികം മുന്നോട്ട് വരുന്നുണ്ട്. മാതാവിനോടുള്ള ജപമാല ഭക്തിയിൽ നമുക്ക് തന്നെയും

സമൂഹത്തെ മുഴുവനായും വിശ്വാസത്തിലേക്ക് നയിക്കാൻ സാധിക്കണം.

അത്ഭുതങ്ങളുടെ കലവറ തുറക്കുന്ന താക്കോലാണ് ദൈവിശ്വാസം. ആ കലവറയുടെ താക്കോൽ ദൈവം വിശ്വസിക്കുന്ന മനുഷ്യനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. രക്തസ്രാവക്കാരി സ്ത്രീയായും, ബർത്തമേയൂസ് എന്ന അന്ധയാചകനായും സൗഖ്യത്തിനും വെളിച്ചത്തിനും ആയി യേശുവിന്റെ പിന്നാലെ പോകാൻ ഞാനും എന്റെ കൂട്ടുക്കാരും മാതാവിനോട് മാദ്ധ്യസ്ഥം യാചിക്കാം.



# പിയാത്ത

**ബാജു കുര്യൻ**
**സെന്റ് തോമസ് യൂണിറ്റ്**

കണ്ടാലും കൊതിതീരാത്ത വെണ്ണക്കല്ലിലെ ശില്പം - പിയാത്ത. ഇറ്റലിയിലെ ഫ്ളോറൻസിൽ 1475 ൽ ജനിച്ച മൈക്കിളാഞ്ചലോയുടെ ഭാവനയിൽ രൂപം കൊണ്ട വെണ്ണക്കൽ പ്രതിമ. സങ്കടക്കടലിൽ മുഴുകി ദിവ്യയേശുവിന്റെ ചേതനയറ്റ ശരീരം മടിയിൽ വച്ചിരിക്കുന്ന കന്യകാമറിയത്തിന്റെ മാർബിൾശില്പം. റോമിലെ സിസ്റ്റൈൻ ചാപ്പലിലാണ് ഇത് പ്രദർശിപ്പിച്ചിരിക്കുന്നത്. മോശയുടെയും ദാവീദിന്റെയും ഗോലിയാത്തിന്റെയും മറ്റും അനശ്വരചിത്രങ്ങളും ഇക്കൂട്ടത്തിൽതന്നെയുണ്ട്. ഫ്ളോറൻസ് റോമിൽനിന്ന് 231 കി.മീ. വടക്കാണ്. സഞ്ചാരികളുടെ പറുദീസ, നവോത്ഥാനത്തിന്റേയും നവവിജ്ഞാനത്തിന്റേയും പിള്ളത്തൊട്ടിൽ എന്നെല്ലാമാണ് ഇതിനെ വിശേഷിപ്പിക്കാറ്. മൈക്കിളാഞ്ചലോ അവിവാഹിതനായിരുന്നു. അവസാന മുപ്പതു വർഷം റോമിലായിരുന്നു. അക്കാലത്ത് പല മാർപാപ്പമാരുടെയും പരിലാളനം അനുഭവിച്ചു. കഠിനാധ്വാനംമൂലം അവശനായി 88-ാം വയസ്സിൽ മരിച്ചു. റോമിൽ സ്ലീഹാന്മാരുടെ നാമധേയത്തിലുള്ള ബസിലിക്കായിലാണ് സംസ്കരിച്ചത്. വിടവാങ്ങിയിട്ട് അഞ്ച് നൂറ്റാണ്ടായെങ്കിലും റോം സന്ദർശിക്കുന്നവർക്ക് ദൈവത്തിന്റെ കയ്യൊപ്പുള്ള ഈ കാവ്യഭാവനകളെ വിസ്മരിക്കാനാവില്ലല്ലോ!

Since 1998

VIDYA

# വിദ്യ
ട്യൂഷൻ ക്ലാസ്

[illegible]
[illegible] (Near [illegible])
Ph: 9847202930, 9400961328

# An enterprise of subject specialist teachers
# SSLC 2023 മാർച്ച് ബാച്ച്

## 8, 9 വെക്കേഷൻ ക്ലാസ്സ്
## ഏപ്രിൽ 2 ന് 7 am തുടങ്ങുന്നു

Classes by Post graduate Subject Teachers
Week end Revision Test
Monthly PTA Communication
Special Evening Classes for TV and Mobile addicted students (6.30 pm - 8.30 pm)

ആശംസകളോടെ
വിദ്യ ട്യൂഷൻ ക്ലാസ്സ്, തളി
വിദ്യ ട്യൂഷൻ ക്ലാസ്സ്, കാര്യാട്ടുകര

# 2022 ജനുവരി തിരുനാൾ
## വരവ്-ചെലവ് കണക്ക്

| | ഇനം | വരവ് | ചെലവ് |
|---|---|---|---|
| 1. | കുടുംബകൂട്ടായ്മകളിൽ നിന്ന് ലഭിച്ച സംഖ്യ | 596,280.00 | |
| 2. | തിരുനാൾ ആശംസകൾ, ബുക്ക്ലെറ്റ്, പരസ്യം, ബാനർ, സംഭാവന | 62,060.00 | |
| 3. | സംഭാവന - അൾത്താര ഡെക്കറേഷന് പൂക്കൾ വാങ്ങുന്നതിന് | 34,990.00 | |
| 4. | ബാന്റ്സെറ്റ് | | 68,370.00 |
| 5 | ദീപാലങ്കാരം | | 92,000.00 |
| 6 | ടി.സി.വി, യുടൂബ് ലൈവ് | | 54,500.00 |
| 7 | പുഷ്പാലങ്കാരം | | 34,780.00 |
| 8 | അൾത്താര ഡെക്കറേഷൻ | | 30,080.00 |
| 9 | വെടിക്കെട്ട് | | 46,923.00 |
| 10 | നേർച്ച | | 12,129 |
| 11 | തിരുനാൾ പ്രദക്ഷിണം | | 16,600.00 |
| 12 | രൂപക്കൂട് പന്തൽ | | 8,880.00 |
| 13 | പൂക്കൾ - അൾത്താര ഡെക്കറേഷൻ | | 34,990.00 |
| 14 | പ്രിന്റിങ്ങ് | | 42,070.00 |
| 15 | ലിറ്റർജി | | 14,330.00 |
| 16 | യാത്രാകൂലി | | 18,000.00 |
| 17 | പലവക | | 22,220.00 |
| 18 | ലൈറ്റ്, സൗണ്ട് എന്നിവ | | 21,800.00 |
| 19 | കുടുംബകൂട്ടായ്മകളിലേക്ക് കൊടുത്ത വിഹിതം | | 59,628.00 |
| 20 | നീക്കിയിരിപ്പ് സംഖ്യ | | 116,030.00 |
| | **ആകെ** | **693,330.00** | **693,330.00** |

തിരുനാൾ കമ്മിറ്റിക്കുവേണ്ടി
വിൽസൺ കെ.ആർ.
ഫൈനാൻസ് കൺവീനർ

| രജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം |
|---|---|
| 07/2022<br>30.10.2021 | എലുവത്തിങ്കൽ മുട്ടിക്കൽ റോഷൻ ബാബു & ലിഡിയ ജോൺ മകൻ ജോൺ (ജോൺ ക്രിസ്റ്റെൻസൻ) 23.04.2022 |

| | |
|---|---|
| 08/2022<br>06.01.2022 | എലുവത്തിങ്കൽ ഷാരോൺ ഇ. ഔസേഫ് & അനിറ്റ ഷെറിൻ മകൾ ജൊവാൻ (ജൊവാൻ ഷാരോൺ) 23.04.2022 |
| 09/2022<br>15.01.2022 | മാപ്രാണം മേജോ & നീതു സി. കണ്ണോത്ത് മകൻ ജോസഫ് (ആദം എം. മേജോ) 24.04.2022 |

## ഞങ്ങൾ ഒന്നായി

| വിവാഹ തീയ്യതി | പേര്, വിലാസം |
|---|---|
| 04/2022<br>24.04.2022 | അയ്യന്തോൾ ഇടവക ഊക്കൻ ജോൺ & കെറ്റി മകൻ മെൽവിൻ<br>കല്യാൺ രൂപത മഹാത്മ നഗർ (നാസിക്) ഇടവക മുണ്ടക്കൽ ബാബു & ഡെയ്സി മകൾ ബ്ലെസി ബാബു |

## ഇടവകയിൽ നിന്നും മാറിപ്പോയവർ

| തീയ്യതി | പേര്, വിലാസം |
|---|---|
| 26.03.2022 | കുന്നൻ ദേവസ്സി ഭാര്യ ജാനറ്റ് & കുടുംബം - ഹോളി ട്രിനിറ്റി യൂണിറ്റ് - ലൂർദ് ഫൊറോന കോട്ടയം രൂപത |

## ഇടവകയിലേക്ക് വന്നവർ

| തീയ്യതി | പേര്, വിലാസം |
|---|---|
| 30.03.2022 | പുല്ലുകാട്ട് തോമസ് മകൻ ലിറ്റോ & കുടുംബം - സെന്റ് മേരീസ് യൂണിറ്റ് |
| 06.04.2022 | കട്ടിക്കാരൻ ജേക്കബ് മകൻ ജേക്കബ് - മഡോണ യൂണിറ്റ് |

ക്വിസ് മാസ്റ്റർ : **സി. കാതറിൻ** CHF

# BIBLE QUIZ

## 2022 മെയ് മാസത്തെ ബൈബിൾ ക്വിസ്

വി. മർക്കോസ് - അധ്യായം 9-12

**ഉത്തരങ്ങൾ - മെയ് 20-ാം തിയ്യതിക്കുള്ളിൽ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.**

1. ഇത് തുടങ്ങിയിട്ട് എത്ര കാലമായി? ആര് ആരോട് ചോദിച്ചു?
2. മേഘത്തിൽനിന്നും പുറപ്പെട്ട സ്വരം എന്തായിരുന്നു?
3. ഉയർന്ന മലയിൽ വച്ച് രൂപാന്തരപ്പെട്ടപ്പോൾ യേശുവിനോട് പ്രത്യക്ഷപ്പെട്ട് സംസാരിച്ചവർ ആരൊക്കെയാണ്?
4. നമുക്ക് എതിരല്ലാത്തവൻ ........................... (പൂരിപ്പിക്കുക)
5. തങ്ങളിൽ ആരാണ് വലിയവൻ എന്നതിനെക്കുറിച്ച് ശിഷ്യന്മാർ തർക്കിച്ചത് എവിടെവച്ച്?
6. നിന്റെ പാദം നിനക്കു ദുഷ്പ്രേരണയ്ക്ക് കാരണമാകുന്നെങ്കിൽ എന്തു ചെയ്യണം?
7. "അവനെ വിളിക്കുക" യേശു ആരെ വിളിക്കാനാണ് പറയുന്നത്?
8. ഈ വിശുദ്ധലിഖിതം നിങ്ങൾ വായിച്ചിട്ടില്ലേ? ഏതാണീ വിശുദ്ധ ലിഖിതം?
9. ഗുരോ, നീ ശപിച്ച അത്തിമരം ഉണങ്ങിപ്പോയിരിക്കുന്നു. യേശുവിനെ ഇത് അനുസ്മരിപ്പിച്ചത് ആര്?
10. "ഹോസാനാ! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ." പഴയ നിയമത്തിൽ ഇത് എവിടെ രേഖപ്പെടുത്തിയിരിക്കുന്നു?

## 2022 ഏപ്രിൽ മാസത്തെ ബൈബിൾ ക്വിസ് ഉത്തരങ്ങൾ

1. ചീത്ത പറയുന്നവൻ, അഹങ്കാരി
2. വിവേകവതിയായി
3. ശാലീനയായ ഭാര്യ
4. ജ്ഞാനവും നിയമവും
5. രജതപീഠത്തിലെ സുവർണ്ണസ്തംഭം
6. പ്രഭാ. 25:10–11
7. പ്രഭാ. 23:19
8. അവന്റെ ചുണ്ടുകളാണ്
9. അസഭ്യഭാഷണം
10. സഹോദരന്മാർ തമ്മിലുള്ള യോജിപ്പ്, അയൽക്കാർ തമ്മിലുള്ള സൗഹൃദം, ഭാര്യഭർത്താക്കന്മാർ പരസ്പരമുള്ള ലയം

## 2022 ഏപ്രിൽ മാസത്തെ ശരിയുത്തരം അയച്ചവർ

1. മേരി വിൽസൺ - സെന്റ് പീറ്റർ
2. സിസിലി അബ്രാഹം - സെന്റ് ജോസഫ്
3. ലൂസി ജോയ് - സെന്റ് സേവിയേഴ്സ്
4. വിനീഷ ജിജോ - സെന്റ് പീറ്റർ
5. റോസി ജോർജ് - സെന്റ് ജോൺസ്
6. ആർദ്ര ജോമോൻ - സെന്റ് പീറ്റർ
7. ഫിലോമിന റാഫേൽ - സെന്റ് മേരീസ്
8. നീതു മേജോ - സെന്റ് പീറ്റർ
9. റോസി ജോസ് - സെന്റ് സേവിയർ
10. ജിപ്സി റാഫി - സെന്റ് തോമാസ്
11. ജോസ്ഫീന ജോയ് - സെന്റ് മേരീസ്

നറുക്കെടുപ്പിലൂടെ വിജയിയായത്

**മേരി വിൽസൺ**

സെന്റ് പീറ്റർ യൂണിറ്റ്

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച്
മെയ് 25-ാം തിയ്യതിക്കുമുൻപ്
പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)



ഏപ്രിൽ മാസത്തെ
ചായകൂട്ട് മത്സര വിജയി
**ജിപ്സി റാഫി**
സെൻ്റ് തോമസ് യൂണിറ്റ്

“ BRINGING GLOBAL EDUCATION AT YOUR DOOR STEPS ”



# SAHRDAYA
## COLLEGE OF ADVANCED STUDIES
## KODAKARA

**AFFILIATED TO CALICUT UNIVERSITY**

## VALUE ADDED PROGRAMMES

- **CHARTERED ACCOUNTANCY** WITH B.Com PROFESSIONAL
- **ACCA — ASSOCIATION OF CHARTERED CERTIFIED ACCOUNTANTS (UK)** WITH B.Com FINANCE/BANKING
- **CMA — CERTIFIED MANAGEMENT ACCOUNTANT (USA )** WITH B.Com FINANCE
- **CMA — COST AND MANAGEMENT ACCOUNTANT (INDIA)** WITH B.Com TAXATION
- **ICSI — COMPANY SECRETARY** WITH B.Com BANKING
- **CIMA &CGMA (UK) — CHARTERED INSTITUTE OF MANAGEMENT ACCOUNTANTS/CHARTERED GLOBAL MANAGEMENT ACCOUNTANTS** WITH B.Com PROFESSIONAL
- **CPA USA — CERTIFIED PUBLIC ACCOUNTANT(AICPA USA)** WITH B.Com PROFESSIONAL / FINANCE
- **IATA — TRAVEL & TOURISM / AVIATION & AIRPORT MANAGMENT** WITH BBA FINANCE
- **FIN TECH — FINANCIAL TECHNOLOGIES** WITH B.Com TAXATION / BANKING
- **CFP — CERTIFIED FINANCIAL PLANNER** WITH B.Com TAXATION
- **IRS EA — ENROLLED AGENT INTERNAL REVENUE SERVICES (USA)** WITH ANY B.Com
- **LOGISTICS &SUPPLY CHAIN MANAGEMENT (UK)** WITH B.Com BANKING

## UG & PG PROGRAMMES

* B.Com Professional
* B.Com Finance (3 Batches)
* B.Com Banking & Insurance
* B.Com Taxation
* B.Com Computer Application
* B B A Finance
* B.Sc Physics
* B.Sc Chemistry
* B.Sc Mathematics
* B.Sc Geology
* B.Sc Psychology
* B.Sc Computer Science
* B.Sc Information Technology
* B C A ( BACHELOR OF COMPUTER APPLICATION )
* B A English with Journalism
* B A Malayalam with Journalism
* B A Graphic Design & Animation
  (Subject to University Approval)
* M.Sc Psychology
* M.Sc Clinical Psychology
* M.Sc Computer Science
* MSW ( MASTER OF SOCIAL WORK )
* M.Com Finance
* M.A English

REGISTRATION FOR ADMISSION OPEN
2022-2023

Contact : 9446940458, 9400063184
9497233713, 04802713713

**“ WE PROMOTE CHARACTER AND THE REST FOLLOWS ”**

TRANSPORTATION FACILITY AVAILABLE FROM ALL MAJOR LOCATIONS

MANAGED BY THE CATHOLIC DIOCESE OF IRINJALAKUDA
APPROVED BY GOVERNMENT OF KERALA

SEPARATE HOSTEL FACILITY FOR BOYS & GIRLS

# കട്ടിള നല്ലതാണെങ്കിൽ
# തലമുറകളുടെ കഥകൾ പറയും

Ocean
**LYKE WOOD**
...better than wood

## DOOR & WINDOW
## FRAME



മരത്തിനേക്കാൾ ഉറപ്പേറിയത് | ചിതൽപിടിക്കില്ല | നനഞ്ഞാലും വികസിക്കില്ല

Ocean®
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393